VOL NO: 06 I ISSUE 42
www.nerpatham.com
mail@nerpatham.com
2022 OCTOBER 15 I ₹10

# നേർപഥം

വാരിക




## പഠനയാത്രകൾ ഉന്മാദയാത്രകളായി മാറുമ്പോൾ

നീതിയുടെ പാഠശാലകളല്ല അനീതിയുടെ ഹോമകുണ്ഠങ്ങളാണ് ഇന്ത്യൻ ജയിലറകൾ എന്നാണ് അവിടെ നിന്ന് വീണുകിട്ടുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. ജീവിത പ്രാരാബ്ധത്തിനിടയിൽ കെണിയിലകപ്പെട്ട് അഗാധഗർത്തങ്ങളിൽ ആപതിച്ചവർ, ഏമാൻമാരുടെ അഭിമാന സംരക്ഷണത്തിനായി കാരാഗൃഹങ്ങളുടെ അന്ധകാരങ്ങളിലേക്ക് ഊളിയിട്ടവർ, നിയമപാലകരുടെ തോന്നലുകളിൽ കുറ്റം ചാർത്തപ്പെട്ട് ശിക്ഷാവിധിയിൽ മനോവേദന അനുഭവിക്കുന്നവർ, കോടതി വ്യവഹാരങ്ങളിലെ വാചകക്കസർത്തുകളിൽ നിർബന്ധിതരായി കുറ്റം ഏറ്റെടുത്ത് വലഞ്ഞവർ, സാഹചര്യത്തെളിവുകളെല്ലാം തങ്ങൾക്ക് പ്രതികൂലമാണെന്ന് കൽപിച്ചുനൽകി നിയമവിധിക്ക് കീഴടങ്ങാൻ വിധിക്കപ്പെട്ടവർ, ഭരണകൂടത്തിന്റെ വിദ്വേഷത്തിന് കാരണമായി കുറ്റം അടിച്ചേൽപിക്കപ്പെട്ടവർ... ഇങ്ങനെ നിരപരാധികളായ അനേകായിരങ്ങൾ ജയിലറകളിലെ അന്ധകാരങ്ങളിൽ കരിഞ്ഞുണങ്ങിക്കൊണ്ടിരിക്കുന്നു!

# അനീതിയുടെ തടവറ ജീവിതങ്ങൾ

- || ഉത്തമസ്വഭാവം സത്യവിശ്വാസിയുടെ അടയാളം
- || സ്ത്രീയും കൃഷിയിടവും അന്ധമായ വിമർശനവും
- || സർക്കാർ ആശുപത്രികളിലെ ചൂഷണം തടയുന്ന തീരുമാനങ്ങൾ

# പുറത്തിറങ്ങി...




**WISDOM BOOKS**

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0299

# നേർപഥം

വാരിക

2022 ഒക്ടോബർ 15
1444 റബീഉൽ അവ്വൽ 18
പുസ്തകം 06 / ലക്കം 42






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly


കവർ സ്റ്റോറി

## അനീതിയുടെ തടവറ ജീവിതങ്ങൾ

മുജീബ് ഒട്ടുമ്മൽ
:9744431890




05
മുഖമൊഴി
സർക്കാർ ആശുപത്രികളിലെ ചൂഷണം തടയുന്ന തീരുമാനങ്ങൾ

06
വിമർശനം
സ്ത്രീയും കൃഷിയിടവും അന്ധമായ വിമർശനവും
ജൗസൽ സി.പി

09
ഹദീസ് പാഠം
സ്രഷ്ടാവിനെ സ്തുതിക്കുക
ഉസ്മാൻ പാലക്കാഴി

18
കാഴ്ച
ഉത്തമസ്വഭാവം സത്യവിശ്വാസിയുടെ അടയാളം
ഡോ. ടി. കെ യൂസുഫ്

22
വനിതാപഥം
മുലയൂട്ടുന്ന മാതാക്കളോട്
ഡോ. യാസ്മിൻ എം അബ്ബാസ്

24
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

26
ആരോഗ്യപഥം
സാമൂഹികവിരുദ്ധ വ്യക്തികളും ലഹരിപദാർഥങ്ങളുടെ അടിമത്തവും
ഡോ. മുനവ്വർ

30
ക്വുർആൻ ദർശനം
അദ്ദുഖാൻ (പുക)
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

33
ലേഖനം
പുഞ്ചിരിക്കാൻ മടിക്കുന്നവർ!
ദുൽക്കർഷാൻ അലനല്ലൂർ

34
കാഴ്ച
പഠനയാത്രകൾ ഉന്മാദയാത്രകളായി മാറുമ്പോൾ
ടി.കെ അശ്റഫ്

# 'ലഹരി: നിരാശ വേണ്ട; പരിഹാരമുണ്ട്' ടോക്ക് ഷോ ശ്രദ്ധേയമായി

പാലക്കാട്: മയക്കുമരുന്ന് നമ്മുടെ നാട്ടിൽ നിരോധിക്കപ്പെട്ടതാണ്. അത് വിൽക്കാനോ ഉപയോഗിക്കാനോ പാടില്ല. കണ്ടെത്തിയാൽ പോലീസിന്റെ പിടിയിലാകും. ബ്രൗൺഷുഗറും കഞ്ചാവും ഹഷീഷും ഹെറോയിനും കറുപ്പുമെല്ലാം മാരകമായ ലഹരിപദാർഥങ്ങളാണ്. എന്നാൽ അവ നിരോധിച്ചതുപോലെ നമ്മുടെ നാട്ടിൽ മദ്യം നിരോധിച്ചിട്ടില്ല. നിരോധനംകൊണ്ട് മാത്രം ഒരു തിന്മയും പരിപൂർണമായി ഇല്ലാതാവുകയില്ല എന്നത് യാഥാർഥ്യമാണ്. എന്നാൽ നിരോധിക്കപ്പെടുകയും ദോഷകരമെന്ന് വ്യക്തമാവുകയും ചെയ്ത ഒന്ന് നിരോധിച്ചവർ തന്നെ ഉണ്ടാക്കുവാനും വിൽക്കുവാനും ഉപയോഗിക്കുവാനും അനുമതി നൽകുന്നത് അസംബന്ധമല്ലേ? ഇന്ന് ഏകദേശം അമ്പത് ലക്ഷം രൂപയുണ്ടെങ്കിൽ ഒരുകിലോ സ്വർണം കിട്ടും. എന്നാൽ ഒരു കിലോ ബ്രൗൺഷുഗറിന് ഒരു കോടി രൂപയാണ് വില! സർക്കാരിന് വരുമാനത്തിൽ മാത്രമാണ് കണ്ണെങ്കിൽ ബ്രൗൺഷുഗർ വ്യവസായം നടത്തിയാൽ മതിയല്ലോ.

ഒരു ഭാഗത്ത് ഉദാര മദ്യനയം നടപ്പിലാക്കുകയും മറുഭാഗത്ത് മദ്യത്തിന്റെ പ്രത്യാഘാതം അനുഭവിക്കുന്നവർക്കായി പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക എന്ന വൈരുധ്യാധിഷിത നിലപാടാണ് കാലങ്ങളായി സർക്കാരുകൾ പുലർത്തിപ്പോരുന്നത്.

ഇത്തരമൊരു നിലപാട് എടുക്കാൻ പ്രധാനമായും സർക്കാരുകളെ പ്രേരിപ്പിക്കുന്നത് മദ്യവിപണിയിൽ നിന്ന് സർക്കാർ ഖജനാവിലേക്ക് ഒഴുകിയെത്തുന്ന കോടികളാണ്. കേരളത്തിലെ നികുതി, നികുതിയേതര വരുമാനത്തിന്റെ നല്ലൊരുപങ്കും മദ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് യാഥാർഥ്യം. ബീവറേജ് ഔട്ട്ലെറ്റുകളിൽ വിൽക്കുന്ന മദ്യത്തിന്റെ യഥാർഥ വിലയും വിൽപന വിലയും തമ്മിലുള്ള അന്തരം ചെറുതല്ല. ഭീമമായ ലാഭം ലഭിക്കുന്ന ഒരു വ്യവസായം എന്ന നിലയിലാണ് സർക്കാരുകൾ മദ്യത്തെ കാണുന്നത്. നികുതി വരുമാനത്തിന്റെ 30 ശതമാനത്തിലധികം മദ്യവ്യവസായത്തെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിലെ ടൂറിസം മേഖലയുടെ പുരോഗതിക്ക് മദ്യം അനിവാര്യമാണെന്നാണ് സർക്കാർ പറയുന്നത്. വലിയ സാമ്പത്തിക ലക്ഷ്യങ്ങളാണ് മദ്യനിരോധനത്തിന്റെ വഴിയെ സഞ്ചരിക്കുന്നതിൽ നിന്നും സർക്കാരുകളെ പിന്തിരിപ്പിക്കുന്നതെന്ന് വ്യക്തം. രാഷ്ട്രീയ പാർട്ടികളുടെ വലിയ സാമ്പത്തിക സ്രോതസ്സ് കൂടിയാണ് മദ്യവ്യവസായം എന്നതും ഒരു യാഥാർഥ്യമാണ്.

ലഹരിമരുന്നുകളുടെ ഉപയോഗം വിദ്യാർഥി-യുവജനങ്ങൾക്കിടയിൽ അനുദിനം കുതിച്ചുയരുകയാണ്. യുപി സ്കൂൾ വിദ്യാർഥികൾക്കിടയിൽ പോലും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരുണ്ട്. പെൺകുട്ടികൾക്കിടയിലും ഇവയുടെ ഉപയോഗം ഇന്ന് വ്യാപകമാണ്. വളരെ ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കുന്ന ഈ വിപത്തിനെതിരെ സമൂഹം ഒറ്റക്കെട്ടായി രംഗത്തിറങ്ങേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് 'ലഹരി: നിരാശ വേണ്ട; പരിഹാരമുണ്ട്' എന്ന ക്യാപ്ഷനിൽ ഒക്ടോബർ 7ന് പാലക്കാട്ടുവെച്ച് വിസ്ഡം യൂത്തിന്റെ ആഭിമുഖ്യത്തിൽ 'ടോക്ക് ഷോ' സംഘടിപ്പിച്ചത്.

ലഹരി മൂലം ഉണ്ടാകാവുന്ന വ്യക്തി, കുടുംബ, സാമൂഹിക, സാമ്പത്തിക, രാഷ്ട്രസുരക്ഷ സംബന്ധിച്ച വിഷയങ്ങൾ ചർച്ചക്ക് വിധേയമായി. ലഹരിക്കടിമപ്പെട്ടവരെ തിരിച്ചറിയാനും അവരെ അതിൽനിന്ന് മോചിപ്പിക്കാനുള്ള മാർഗങ്ങളെക്കുറിച്ചും വിശദമായ ചർച്ചനടന്നു.

ഷാഫി പറമ്പിൽ എംഎൽഎ, കെ.സി. റിയാസുദ്ദീൻ (ഡിവൈഎഫ്ഐ പാലക്കാട് ജില്ലാ സെക്രട്ടറി), സതീഷ് പി.കെ (സിഐ, എക്സൈസ് വകുപ്പ്), ഡോ. മുഹമ്മദ് അർഷദ് (എംഇഎസ് മെഡിക്കൽ കോളേജ്, മലാപറമ്പ്), താജുദ്ദീൻ സ്വലാഹി (ജനറൽ സെക്രട്ടറി, വിസ്ഡം യൂത്ത്, കേരള), ഡോ. ജൗഹർ മുനവ്വർ (ലക്ചറർ, ഫാറൂഖ് ട്രെയിനിംഗ് കോളേജ്), ടി.കെ.നിഷാദ് സലഫി (സെക്രട്ടേറിയേറ്റ് മെമ്പർ, വിസ്ഡം യൂത്ത്), ഡോ. ഷഹബാസ് കെ അബ്ബാസ് (വിസ്ഡം സ്റ്റുഡന്റ്സ്) എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ഇർഷാദ് പറളി (സ്റ്റേറ്റ് പ്രൊഫഷണൽ വിംഗ്), നൗഫൽ പാലക്കാട്, മുജീബ് സലഫി മണ്ണാർക്കാട് (വിസ്ഡം യൂത്ത് പാലക്കാട് ജില്ല), സനാബുല്ല, അബ്ദുൽ സലാം തുടങ്ങിയവർ മേൽനോട്ടം വഹിച്ചു.

# സർക്കാർ ആശുപത്രികളിലെ ചൂഷണം തടയുന്ന തീരുമാനങ്ങൾ

മെഡിക്കൽ സേവനരംഗത്ത് നടക്കുന്ന കൊള്ളരുതായ്മകളെക്കുറിച്ച് പല വാർത്തകളും ഇടയ്ക്കിടെ മാധ്യമങ്ങളിൽ ഇടംപിടിക്കാറുണ്ട്. ചെറുതും വലുതുമായ സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന ചൂഷണങ്ങളുടെ കഥകൾ പറയാൻ അനുഭവസ്ഥർ ഏറെയുണ്ട്. സർക്കാർ ആശുപത്രികളെ കൂടുതലായും ആശ്രയിക്കുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണ്. എന്നാൽ ഈ മേഖലയിലും പൊതുജനങ്ങൾ പലവിധ ചൂഷണങ്ങൾക്ക് ഇരയാകുന്നുണ്ടെന്നത് പരസ്യമായ രഹസ്യമാണ്. ഇതിന് തടയിടാൻ സർക്കാർ മുന്നോട്ടുവന്നത് സ്വാഗതാർഹമാണ്.

മരുന്നുകളുടെ കുറിപ്പടിയിൽ ജനറിക് പേരുകൾ നിർബന്ധമാക്കാൻ സർക്കാർ നിർദേശിച്ചിരിക്കുന്നു. മരുന്ന് കുറിപ്പടിയിൽ രോഗികൾക്ക് വായിക്കാനാവുന്നവിധം കൂട്ടക്ഷരമല്ലാതെ ജനറിക് പേര് എഴുതാൻ ഡോക്ടർമാർക്ക് വ്യക്തമായ മാർഗനിർദശം നൽകിയിട്ടുണ്ടെന്ന് ആരോഗ്യവകുപ്പ് വ്യക്തമാക്കിയത് ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിലാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദേശ പ്രകാരം ജനറിക് പേരുകൾ എഴുതണമെന്ന് 2014ൽ സർക്കാർ ഉത്തരവിറക്കിയിരുന്നു. എന്നാൽ അത് പാലിക്കുന്നില്ലെന്ന പരാതിയെത്തുടർന്നാണ് ഇപ്പോൾ സംസ്ഥാന ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഇടപെടൽ ഉണ്ടായിട്ടുള്ളത്.

മനസ്സിലാകും വിധം മരുന്ന് കുറിയ്ക്കുക, സർക്കാർ സംവിധാനത്തിന് പുറത്തുള്ള ഫാർമസികളിലേക്ക് പരമാവധി കുറിപ്പടി നൽകാതിരിക്കുക എന്നീ നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്നും ലംഘിക്കുന്ന ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. കമ്പനികൾ വിവിധ ബ്രാൻഡ്പേരുകളിലാണ് മരുന്നുകൾ വിപണിയിലിറക്കുന്നത്. എല്ലാ മരുന്നുകൾക്കും രാസനാമവും ജനറിക് പേരും ബ്രാൻഡ് പേരുമുണ്ട്. എന്നാൽ ബ്രാൻഡ് പേര് മാത്രമാണ് ഡോക്ടർമാർ കുറിപ്പടിയിൽ എഴുതുന്നത്. ഡോക്ടർക്ക് താൽപര്യമുള്ള കമ്പനികളുടെ മരുന്നുമാത്രമെ കുറിപ്പടിയിൽ ഉണ്ടാകാറുള്ളൂ. മറ്റു കമ്പനികളുടെ മരുന്നുകൾക്കില്ലാത്ത മികവ് തങ്ങളുടെ മരുന്നിനുണ്ടെന്ന് ഡോക്ടർമാരെ തെറ്റിദ്ധരിപ്പിച്ചും വിലയേറിയ പാരിതോഷികം നൽകി പ്രലോഭിപ്പിച്ചുമാണ് കമ്പനികൾ സ്വന്തം ബ്രാൻഡ് രോഗികളിൽ എത്തിക്കുന്നത്. നിലവിൽ ഡോക്ടർമാർ എഴുതുന്ന പല മരുന്നുകളും അവരുടെ ആശുപത്രിയുടെയോ ക്ലിനിക്കിന്റെയോ പരിസരത്തുമാത്രമാണ് ലഭിക്കുക. ജനറിക് പേരുകൾ നിർബന്ധമാക്കുന്നതോടെ ബ്രാൻഡ് പേരുകൾ അപ്രസക്തമാകും. വിലകൂടിയ ബ്രാൻഡുകൾ രോഗികൾക്ക് നിർദേശിക്കുന്നതും ഒഴിവാകും.

ആശുപത്രികളിൽ സ്റ്റോക്കുള്ള മരുന്നുകൾ നിർദേശിക്കാതെ ചില പ്രത്യേക കമ്പനികളുടെ മരുന്നുകൾ മാത്രം കുറിപ്പടിയിൽ എഴുതുന്നുവെന്നും രോഗികൾക്ക് ഇവ പുറത്തുനിന്നു വാങ്ങേണ്ടിവരുന്നതു പതിവാകുന്നുവെന്നുമുള്ള പരാതിയെത്തുടർന്ന് ഇതിന് കടിഞ്ഞാണിടുമെന്ന് ആരോഗ്യവകുപ്പ് പ്രഖ്യാപിച്ചതായാണ് പുതിയ വാർത്ത. സൗജന്യമായി നൽകാനുള്ള മരുന്നുകൾ എഴുതാതെ മറ്റു കമ്പനികളുടെ മരുന്ന് പുറത്തുനിന്നും വാങ്ങിപ്പിക്കുന്ന ഏർപ്പാടാണ് പല ഡോക്ടർമാരും നടത്തിക്കൊണ്ടിരിക്കുന്നത്. മെഡിക്കൽ സർവീസ് കോർപറേഷന്റെ കരാറിൽ യോഗ്യത നേടുന്ന കമ്പനിയുടെ മരുന്നു മാത്രമാണ് ആശുപത്രി സ്റ്റോറുകളിലെത്തുക. എന്നാൽ വൻകിട മരുന്നുകമ്പനികളുടെ സ്വാധീനത്തിൽ ഡോക്ടർമാർ കുറിക്കുന്ന മരുന്നുകൾ സ്റ്റോറിൽ കാണില്ല. കൂടുതൽ ഡോക്ടർമാർ പതിവായി നിർദേശിക്കുന്ന മരുന്നുകൾ കണ്ടെത്താനും ഈ മരുന്നുകൾ ആശുപത്രി സ്റ്റോറിൽ സൗജന്യ വിലയ്ക്ക് ലഭ്യമാക്കാനും നടപടിയുണ്ടാകുമെന്ന ആരോഗ്യവകുപ്പു മന്ത്രിയുടെ പ്രസ്താവന സ്വാഗതാർഹമാണ്. ബന്ധപ്പെട്ടവർ സർക്കാരിന്റെ നിർദേശം നടപ്പിലാക്കുമെങ്കിൽ അത് സാധാരണക്കാർക്ക് വലിയ ആശ്വാസം നൽകുമെന്നതിൽ സംശയമില്ല.



# സ്ത്രീയും കൃഷിയിടവും അന്ധമായ വിമർശനവും

ജൗസൽ സി.പി
jauzalcp@gmail.com

ഇസ്‌ലാം വിമർശകർ പലപ്പോഴും തെറ്റിദ്ധരിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു ക്വുർആൻ സൂക്തത്തെയാണ് ഇവിടെ വിശകലനം ചെയ്യാൻ ഉദ്ദേശിക്കുന്നത്.


"നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛിക്കും വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്. നിങ്ങളുടെ നന്മയ്ക്ക് വേണ്ടത് നിങ്ങൾ മുൻകൂട്ടി ചെയ്തു വെക്കേണ്ടതുമാണ്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനുമായി നിങ്ങൾ കണ്ടുമുട്ടേണ്ടതുണ്ടെന്ന് അറിഞ്ഞിരിക്കുകയും ചെയ്യുക. സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 2:223).

ഇസ്‌ലാം സ്ത്രീകളെ മോശമായി കാണുന്നു എന്നതിനുള്ള തെളിവാണ് ഈ സൂക്തത്തിൽ ഭാര്യമാരെ കൃഷിയിടം എന്ന് ഉപമിച്ചത് എന്നാണ് ഇസ്‌ലാം വിമർശകരുടെ വാദം.

പ്രസ്തുത ആയത്തിലെ പ്രതിപാദ്യ വിഷയം എന്താണെന്ന് വിമർശകർക്കും ഒരുപക്ഷേ, നല്ലൊരു ശതമാനം മുസ്‌ലിംകൾക്ക് പോലും അറിവില്ലാത്തതുകൊണ്ടാണ് ഇത്തരം വിമർശനങ്ങൾ ഉണ്ടാവുന്നത്. അതുകൊണ്ടുതന്നെ ഒരു വിശദീകരണം നല്ലതാവും എന്ന് കരുതുന്നു.

ഇവിടെ സ്ത്രീകളെ കൃഷിയിടത്തോട് ഉപമിച്ചത് എന്തോ മോശപ്പെട്ട കാര്യമായി വിമർശകർ തെറ്റിദ്ധരിച്ചിരിക്കുന്നു. കൃഷിയോടുള്ള പുച്ഛമനോഭാവത്തിൽ നിന്നായിരിക്കണം ഇത്തരമൊരു ചിന്ത ഉണ്ടായത്. എന്നാൽ മണ്ണിനെ സ്നേഹിക്കുന്ന ഒരു കർഷകനെ സംബന്ധിച്ചിടത്തോളം കൃഷിയിടം എന്നത് അവന്റെ ജീവനാണ്, അവന്റെ എല്ലാമെല്ലാമാണ്.

പ്രസ്തുത സൂക്തം അവതരിപ്പിക്കപ്പെട്ടത് മദീനയിൽവെച്ചാണ്. കൃഷി മദീനയിലെ ആളുകളുടെ രക്തത്തിൽ അലിഞ്ഞുചേർന്ന ഒന്നാണ്. എത്രത്തോളമെന്നാൽ, സ്വർഗത്തിലുള്ള ഒരാൾ അല്ലാഹുവിനോട് തനിക്ക് കൃഷി ചെയ്യാൻ അവസരം തരണമെന്ന് ആവശ്യപ്പെടുന്ന ഒരു സംഭവം ഹദീസിൽ കാണാൻ സാധിക്കും. 'നിനക്ക് ആഗ്രഹിക്കുന്നതെല്ലാം ഈ സ്വർഗത്തിൽ ലഭിക്കുന്നില്ലേ' എന്ന് അല്ലാഹു അയാളോട് ചോദിക്കുമ്പോൾ അയാൾ മറുപടി പറയും: 'അതെ. പക്ഷേ, എനിക്ക് മണ്ണിൽ കൃഷി ചെയ്യാൻ അത്രയ്ക്ക് ഇഷ്ടമാണ്.' അങ്ങനെ അയാൾക്ക് സ്വർഗത്തിൽ കൃഷിചെയ്യാൻ അനുവാദം നൽകപ്പെടുകയും വിത്ത് വിതച്ച് സ്വർഗത്തിൽ കായ്കനികൾ ഉൽപാദിപ്പിക്കുകയും പർവതസമാനമായ അളവിൽ അയാൾ വിളവെടുക്കുകയും ചെയ്യുന്ന സംഭവത്തെപ്പറ്റി പ്രവാചകൻ(സ്വ) പറഞ്ഞതായി ഹദീസിൽ കാണാം.



**"നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛിക്കും വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്. നിങ്ങളുടെ നന്മയ്ക്ക് വേണ്ടത് നിങ്ങൾ മുൻകൂട്ടി ചെയ്തു വെക്കേണ്ടതുമാണ്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനുമായി നിങ്ങൾ കണ്ടുമുട്ടേണ്ടതുണ്ടെന്ന് അറിഞ്ഞിരിക്കുകയും ചെയ്യുക. സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 2:223). ഇസ്‌ലാം സ്ത്രീകളെ മോശമായി കാണുന്നു എന്നതിനുള്ള തെളിവാണ് ഈ സൂക്തത്തിൽ ഭാര്യമാരെ കൃഷിയിടം എന്ന് ഉപമിച്ചത് എന്നാണ് ഇസ്‌ലാം വിമർശകരുടെ വാദം. പ്രസ്തുത ആയത്തിലെ പ്രതിപാദ്യ വിഷയം എന്താണെന്ന് വിമർശകർക്കും ഒരുപക്ഷേ, നല്ലൊരു ശതമാനം മുസ്‌ലിംകൾക്ക് പോലും അറിവില്ലാത്തതുകൊണ്ടാണ് ഇത്തരം വിമർശനങ്ങൾ ഉണ്ടാവുന്നത്.**

പ്രസ്തുത സംഭവം പ്രവാചകനിൽ നിന്ന് കേട്ടുകൊണ്ടിരിക്കുകയായിരുന്ന ഒരു അഅ്റാബി (ഗ്രാമീണൻ) പറഞ്ഞു: 'തീർച്ചയായും ഇത് ചോദിക്കുന്നത് ഒരു ക്വുറൈശ് വംശജനോ മദീനക്കാരനോ ആയിരിക്കണം.' പ്രവാചകൻ ഒരു പുഞ്ചിരിയോടെ ആ അ്അറാബി പറഞ്ഞത് അംഗീകരിച്ചതായി ഹദീസിൽ കാണാൻ സാധിക്കും. (സ്വഹീഹുൽ ബുഖാരി: 2348)

കൃഷി എന്നത് അവർക്ക് അത്രമാത്രം വൈകാരിക ബന്ധമുള്ള ഒന്നായിരുന്നു. സുഖാനുഭൂതികളുടെ സ്വർഗത്തിൽപോലും തനിക്ക് മണ്ണിൽ കൃഷിചെയ്യണമെന്ന് അല്ലാഹുവിനോട് ആഗ്രഹം പറയുന്ന ആളുകളുടെ കൃഷിയോടുള്ള സ്നേഹം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ!

സാഹിത്യത്തിലെ ഉപമാലങ്കാരപ്രയോഗങ്ങൾ അനുവാചകരുടെ നിലവാരത്തിനനുസരിച്ചാണ് മനസ്സിലാക്കപ്പെടുക. 'മന്നവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻ മുഖം' എന്ന് കവി പാടുമ്പോൾ സാഹിത്യപ്രയോഗം മനസ്സിലാകാത്ത ഒരാൾ ഒരുപക്ഷേ, ചന്ദ്രോപരിതലം പോലെ കുന്നും കുഴിയുമുള്ള പരുപരുത്ത വികൃതമായ മുഖമാണ് രാജാവിന് എന്നായിരിക്കും ഗ്രഹിക്കുക. അത് സാഹിത്യത്തിന്റെയോ സാഹിത്യകാരന്റെയോ കുഴപ്പമല്ല; അനുവാചകന്റെ മാത്രം കുഴപ്പമാണ്. ഇനി ഒരാൾ മനസ്സിലായിട്ടും ഇങ്ങനെ വ്യാഖ്യാനിക്കുകയാണെങ്കിൽ മനോഹരമായ ഒരു ഉപമയെ പോലും തന്റെ വികല ചിന്തകൊണ്ട് വക്രീകരിക്കാൻ ശ്രമിക്കുന്നു എന്നർഥം.

എന്താണ് ഉപരിസൂചിത ക്വുർആൻ സൂക്തത്തിന്റെ ശരിയായ വിശദീകരണം? ഈ വചനം ഇറങ്ങുന്നതിന് ഒരു പശ്ചാത്തലമുണ്ട്. മദീനയിൽ അറബികളും ജൂതന്മാരുമായിരുന്നു ഉണ്ടായിരുന്നത്. ജൂതന്മാർക്കിടയിൽ ഒരു അന്ധവിശ്വാസം നിലനിന്നിരുന്നു. ഭർത്താവ് ഭാര്യയുടെ പുറകിലായിക്കൊണ്ടുള്ള പൊസിഷനിൽ



ലൈംഗികബന്ധത്തിലേര്‍പ്പെടാന്‍ പാടില്ലെന്നും അങ്ങനെ ചെയ്താല്‍ അതില്‍ ജനിക്കുന്ന കുഞ്ഞിന് കോങ്കണ്ണ് ഉണ്ടാകുമെന്നുമായിരുന്നു ആ അന്ധവിശ്വാസം. ജൂതന്മാരില്‍നിന്ന് ഈ ചിന്താഗതി മദീനയിലെ അറബികള്‍ക്കിടയിലും പ്രചരിച്ചിരുന്നു. ഭാര്യയും ഭര്‍ത്താവും പരസ്പരം അഭിമുഖം കണ്ടുകൊണ്ടുള്ള സെക്സ് പൊസിഷനുകള്‍ മാത്രമെ പാടുള്ളൂ എന്ന് അവരും വിശ്വസിച്ചിരുന്നു. (സാധാരണ ലൈംഗികബന്ധം അഥവാ യോനിയിലുള്ള സംഭോഗമാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. ഗുദമൈഥുനം ഇസ്‌ലാമില്‍ ഹറാമാണ്).

ഈ അന്ധവിശ്വാസം തെറ്റാണെന്നും യാതൊരു അടിസ്ഥാനവും അതിന് ഇല്ലെന്നുമാണ് ക്വുര്‍ആന്‍ വ്യക്തമാക്കുന്നത്. ഭാര്യാഭര്‍ത്താക്കന്മാര്‍ക്ക് തങ്ങള്‍ക്ക് ഇഷ്ടമുള്ള സെക്സ് പൊസിഷനുകള്‍ സ്വീകരിക്കാമെന്നും അതെല്ലാം അനുവദനീയമാണെന്നും അതിന് മതപരമായ വിലക്കുകള്‍ ഒന്നുമില്ലെന്നുമാണ് ഇത് അറിയിക്കുന്നത്. ഈയൊരു കാര്യം യാതൊരുവിധത്തിലുള്ള അശ്ലീല പ്രയോഗങ്ങളും ഇല്ലാതെ, എന്നാല്‍ കേള്‍ക്കുന്ന ആളുകള്‍ക്ക് കൃത്യമായി കാര്യം മനസ്സിലാക്കാവുന്ന രൂപത്തില്‍ മനോഹരമായ അറബി സാഹിത്യ ഭാഷയിലൂടെ ക്വുര്‍ആന്‍ അവതരിപ്പിച്ചു:

"നിങ്ങളുടെ ഭാര്യമാര്‍ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാല്‍ നിങ്ങള്‍ ഇച്ഛിക്കും വിധം നിങ്ങള്‍ക്ക് നിങ്ങളുടെ കൃഷിയിടത്തില്‍ ചെല്ലാവുന്നതാണ്."

പ്രമുഖസ്വഹാബിയുംക്വുര്‍ആന്‍ വ്യാഖ്യാതാവായ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: "സ്ത്രീകള്‍ നിങ്ങളുടെ കൃഷിയിടമാണ് എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അവര്‍ ഗര്‍ഭപാത്രം വഹിക്കുന്നവരാണ് എന്നതാണ്. നിങ്ങള്‍ ആഗ്രഹിക്കുന്നവിധം നിങ്ങള്‍ക്ക് നിങ്ങളുടെ കൃഷിയിടത്തില്‍ ചൊല്ലാവുന്നതാണ് എന്നതിന്റെ അര്‍ഥം നിങ്ങള്‍ക്ക് ലൈംഗികബന്ധത്തിലേര്‍പ്പെടുമ്പോള്‍ ഇഷ്ടമുള്ള പൊസിഷനുകള്‍ സ്വീകരിക്കാം എന്നതാണ്. അഭിമുഖമായിക്കൊണ്ടും തിരിഞ്ഞുനിന്നുകൊണ്ടുമൊക്കെ ലൈംഗികബന്ധത്തിലേര്‍പ്പെടാവുന്നതാണ്. അതില്‍ യാതൊരു വിരോധവുമില്ല."

ബുഖാരിയും മുസ്‌ലിമും അബൂദാവൂദും ഉദ്ധരിക്കുന്ന ഒരു ഹദീസില്‍ ഇങ്ങനെ കാണാം: ജാബിര്‍(റ) പറഞ്ഞു: "ഭാര്യയുടെ പിന്‍വശത്തിലൂടെ (യോനിയില്‍) ലൈംഗിക ബന്ധത്തിലേര്‍പ്പെട്ടാല്‍ ജനിക്കുന്ന കുട്ടികള്‍ക്ക് കോങ്കണ്ണ് ഉണ്ടാകുമെന്ന് മദീനയിലെ ജൂതന്മാര്‍ വിശ്വസിച്ചിരുന്നു. അപ്പോള്‍ പ്രസ്തുത ആയത്ത് (ആ അന്ധവിശ്വാസം തിരുത്താനായി) അവതരിക്കപ്പെട്ടു."

ഇബ്നു അബ്ബാസ്(റ) പറഞ്ഞതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്ന ഹദീസില്‍ ഇങ്ങനെ കാണാം: "മദീനയിലെ ചില മുസ്‌ലിംകള്‍ ഭാര്യമാരുമായി ഇപ്രകാരത്തില്‍ ബന്ധപ്പെടാന്‍ ഇസ്‌ലാമില്‍ വിലക്കുണ്ടോ എന്ന കാര്യം അന്വേഷിച്ചു വന്നു. ഒരാള്‍ക്ക് ഇഷ്ടമുള്ള പൊസിഷനുകളില്‍ ഭാര്യയുമായി ബന്ധപ്പെടാവുന്നതാണെന്നും എന്നാല്‍ യോനിയില്‍ മാത്രമെ ബന്ധപ്പെടാവൂ എന്നും പ്രവാചകന്‍(സ്വ) മറുപടി കൊടുത്തു."

മദീനയിലെ ചില അന്‍സ്വാരി വനിതകള്‍ പ്രവാചക പത്നിയായ ഉമ്മുസലമ(റ)യോട് ഇക്കാര്യത്തില്‍ സംശയം ചോദിച്ചതും മേല്‍പറഞ്ഞ രൂപത്തില്‍ അതിന് മറുപടി നല്‍കപ്പെട്ടതുമൊക്കെ വേറെയും ഹദീസുകളില്‍ കാണാന്‍ സാധിക്കും.

അബ്ദുല്ലാഹിബ്നു ഉമര്‍(റ) പ്രസ്തുത ആയത്ത് അവതരിക്കപ്പെട്ട സാഹചര്യം വിശദീകരിക്കുന്നതും തഫ്സീറുകളില്‍ കാണാവുന്നതാണ്: 'മക്കയില്‍നിന്നും പലായനം ചെയ്തു വന്ന മുഹാജിറുകള്‍ മദീനയിലെ സ്ത്രീകളെ വിവാഹം കഴിക്കുകയും വൈവാഹിക ജീവിതം ആരംഭിക്കുകയും ചെയ്തു. എന്നാല്‍ സ്ത്രീകളുടെ പിറകിലായി പുരുഷന്‍ വരുന്ന സെക്സ് പൊസിഷനുകള്‍ക്ക് മദീനയിലെ സ്ത്രീകള്‍ വിസമ്മതം പ്രകടിപ്പിച്ചു. ജൂതസ്വാധീനംമൂലം മദീനയിലെ ആളുകള്‍ക്കിടയില്‍ നിലവിലുണ്ടായിരുന്ന അന്ധവിശ്വാസമായിരുന്നു ഇതിനു കാരണം. അപ്പോഴാണ് ക്വുര്‍ആനിലെ ഈ ആയത്ത് അവതരിക്കപ്പെട്ടത്.'

ചുരുക്കിപ്പറഞ്ഞാല്‍ ജനങ്ങള്‍ക്കിടയില്‍ നിലവിലുണ്ടായിരുന്ന അന്ധവിശ്വാസത്തെ തിരുത്തുകയും അത് ഒട്ടും അശ്ലീലതയില്ലാതെ മനോഹരമായ അറബി സാഹിത്യ ശൈലിയില്‍ അവതരിപ്പിക്കുകയാണ് ക്വുര്‍ആന്‍ ചെയ്തത്. ■



# സ്രഷ്ടാവിനെ സ്തുതിക്കുക

ഉസ്മാൻ പാലക്കാഴി
: 9656292244

അനസുബ്നു മാലിക്(റ) പറയുന്നു. നബി(സ്വ) പറഞ്ഞു: "തീർച്ചയായും ഒരു ദാസനെക്കുറിച്ച് അല്ലാഹു സംതൃപ്തനാണ്- അവൻ എന്തെങ്കിലും ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്താൽ അല്ലാഹുവിനെ സ്തുതിക്കും" (ബുഖാരി).

പട്ടിണി കിടക്കുന്നവർക്കേ വിശപ്പിന്റെ കാഠിന്യവും അന്നത്തിന്റെ വിലയുമറിയൂ. ദാഹിച്ച് വലയുന്നവർക്കേ ദാഹത്തിന്റെ പരവശതയും വെള്ളത്തിന്റെ അമൂല്യതയുമറിയൂ. വിശപ്പും ദാഹവും അനുഭവിക്കുന്നവന് ആരെങ്കിലും ഭക്ഷണവും വെള്ളവും നൽകിയാൽ അത് നൽകിയവനോട് അയാൾ നന്ദി കാണിക്കുമെന്നതിൽ സംശയമില്ല. എന്നാൽ ഇതെല്ലാം ഒരുക്കിത്തരുന്ന സ്രഷ്ടാവിനെ ഓർക്കുവാനും അവനോട് നന്ദി കാണിക്കുവാനും സന്മനസ്സുള്ളവർ വിരളമാണ്.

തിന്നുന്നതും കുടിക്കുന്നതും അല്ലാഹുവിന്റെ നാമത്തിലായിരിക്കണമെന്നും ശേഷം അവനെ സ്തുതിക്കണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു. ഭക്ഷണവും വെള്ളവും നൽകുന്നവൻ അല്ലാഹുവാണ്. അവ കിട്ടാതെ വലയുന്നവർ ധാരാളമുണ്ട്. എല്ലാം ഉണ്ടായിട്ടും ഭക്ഷണം കഴിക്കാനും വെള്ളം കുടിച്ച് ദാഹമകറ്റാനും സാധിക്കാത്ത എത്രയോ രോഗികളുണ്ട്. ഇതൊക്കെ ഓർക്കുന്ന ഒരു മനുഷ്യന് അത്തരത്തിലുള്ള തടസ്സങ്ങൾ ഒന്നുമില്ലാത്ത അവസ്ഥ നൽകിയ അല്ലാഹുവിനെ ഓർക്കാതെ എങ്ങനെ ഭക്ഷണം കഴിക്കാൻ കഴിയും? വെള്ളം കുടിക്കാൻ കഴിയും? വിശപ്പും ദാഹവുമകന്നാൽ എങ്ങനെ അല്ലാഹുവിനെ സ്തുതിക്കാതിരിക്കാൻ കഴിയും? ഒരു ഗ്ലാസ് വെള്ളം കുടിച്ചാൽപോലും സത്യവിശ്വാസി റബ്ബിനെ സ്തുതിക്കും; കാരണം അവനാണത് നൽകിയത്. അതിന് അവൻ നന്ദി കാണിക്കേണ്ടതുണ്ട്. അങ്ങനെ നന്ദി സൂചകമായി അല്ലാഹുവിനെ സ്തുതിക്കുന്നവനെക്കുറിച്ച് അല്ലാഹു സംതൃപ്തനായിരിക്കുമെന്നാണ് നബി(സ്വ) പഠിപ്പിച്ചിട്ടുള്ളത്.

അല്ലാഹു പറയുന്നു: "ആകയാൽ നിങ്ങൾ എന്നെ ഓർക്കുക. നിങ്ങളെ ഞാനും ഓർക്കുന്നതാണ്. എന്നോട് നിങ്ങൾ നന്ദി കാണിക്കുക. നിങ്ങളെന്നോട് നന്ദികേട് കാണിക്കരുത്" (ക്വുർആൻ 2:152).

"സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയതിൽനിന്ന് വിശിഷ്ടമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദി കാണിക്കുകയും ചെയ്യുക; അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ" (ക്വുർആൻ 2:172).

ആരാണ് മനുഷ്യർക്ക് വിശപ്പടക്കുവാനും പോഷണം നേടാനും ആവശ്യമായ ധാന്യങ്ങളും പഴവർഗങ്ങളും പച്ചക്കറികളുമെല്ലാം ഉദ്പാദിപ്പിക്കുന്നത്? ആരാണ് ഉപരിലോകത്തുനിന്ന് ശുദ്ധമായ വെള്ളം മഴയായി ഇറക്കിത്തരുന്നത്? സമുദ്രങ്ങളും നദികളും മറ്റും സംവിധാനിച്ചത് ആരാണ്? കിണറുകൾ കുഴിക്കുമ്പോൾ വെള്ളം കിട്ടുന്നതരത്തിൽ ഭൂമിക്കുള്ളിൽ വെള്ളം തടഞ്ഞുനിർത്തുന്നത് ആരാണ്?

വിശുദ്ധ ക്വുർആൻ പറയുന്നു: "അഥവാ, ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതരികയും ചെയ്തവൻ ആരാണ്? എന്നിട്ട് അത് മുഖേന കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിക്കുകയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? അല്ല, അവർ വ്യതിചലിച്ചുപോകുന്ന ഒരു ജനതയാകുന്നു" (ക്വുർആൻ 27:60).

"അല്ലെങ്കിൽ അല്ലാഹു തന്റെ ഉപജീവനം നിർത്തിവെച്ചാൽ നിങ്ങൾക്ക് ഉപജീവനം (അന്നം) നൽകുന്നവനായി ആരുണ്ട്?...." (ക്വുർആൻ 67:21).

ഇതിലൊന്നും സൃഷ്ടികൾക്കാർക്കും യാതൊരു പങ്കുമില്ല. എല്ലാം സർവശക്തനായ അല്ലാഹുവിന്റെ കൃത്യമായ തീരുമാനവും ഉദ്ദേശവുമനുസരിച്ചാണ് നിലകൊള്ളുന്നത്. ഒരു ചെറിയ ധാന്യമണിപോലും മുളപ്പിക്കുവാൻ മനുഷ്യവർഗം ഒന്നിച്ചു ശ്രമിച്ചാലും അല്ലാഹുവിന്റെ തീരുമാനമില്ലെങ്കിൽ അത് സംഭവിക്കില്ല. അതുകൊണ്ടുതന്നെ സ്രഷ്ടാവിനെ സ്തുതിക്കലും അവനോട് നന്ദി കാണിക്കലും സൃഷ്ടികളുടെ കടമയാണ്.



# അനീതിയുടെ തടവറ ജീവിതങ്ങൾ

മുജീബ് ഒട്ടുമ്മൽ
:9744431890

**നീതിയുടെ പാഠശാലകളല്ല, അനീതിയുടെ ഹോമകുണ്ഠങ്ങളാണ് ഇന്ത്യൻ ജയിലറകൾ എന്നാണ് അവിടെ നിന്ന് വീണുകിട്ടുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. ജീവിത പ്രാരാബ്ധത്തിനിടയിൽ കെണിയിലകപ്പെട്ട് അഗാധഗർത്തങ്ങളിൽ ആപതിച്ചവർ, ഏമാൻമാരുടെ അഭിമാന സംരക്ഷണത്തിനായി കാരാഗൃഹങ്ങളുടെ അന്ധകാരങ്ങളിലേക്ക് ഊളിയിട്ടവർ, നിയമപാലകരുടെ തോന്നലുകളിൽ കുറ്റം ചാർത്തപ്പെട്ട് ശിക്ഷാവിധിയിൽ മനോവേദന അനുഭവിക്കുന്നവർ, കോടതി വ്യവഹാരങ്ങളിലെ വാചകക്കസർത്തുകളിൽ നിർബന്ധിതരായി കുറ്റം ഏറ്റെടുത്ത് വലഞ്ഞവർ, സാഹചര്യത്തെളിവുകളെല്ലാം തങ്ങൾക്ക് പ്രതികൂലമാണെന്ന് കൽപിച്ചുനൽകി നിയമവിധിക്ക് കീഴടങ്ങാൻ വിധിക്കപ്പെട്ടവർ, ഭരണകൂടത്തിന്റെ വിദ്വേഷത്തിന് കാരണമായി കുറ്റം അടിച്ചേൽപിക്കപ്പെട്ടവർ... ഇങ്ങനെ നിരപരാധികളായ അനേകായിരങ്ങൾ ജയിലറകളിലെ അന്ധകാരങ്ങളിൽ കരിഞ്ഞുണങ്ങിക്കൊണ്ടിരിക്കുന്നു!**

ഡൽഹിയിലെ റിതാലക്ക് സമീപം ചപ്പുചവറുകൾ കൊണ്ട് നിറഞ്ഞുനിന്ന ചേരിപ്രദേശത്ത് ഒറ്റമുറിയിൽ കഴിഞ്ഞിരുന്ന ഇർഷാദ് അലി എന്ന മുസ്‌ലിം യുവാവ്. ആറ് സഹോദരിമാരുണ്ടായിരുന്ന അദ്ദേഹം ഒരു കുടുംബത്തിന്റ അത്താണിയായിരുന്നു. ടാക്സി ഡ്രൈവറായിക്കൊണ്ടാണ് കുടുംബം പുലർത്തിയിരുന്നത്.

2001ലാണ് ഐ.ബി ഉദ്യോഗസ്ഥൻമാരുടെയും പോലീസ് സ്പെഷ്യൽ സെല്ലിന്റയും ഇൻഫോർമറായി നിയമിതനായത്. ഭീകരവാദികൾക്കൊപ്പം ചേരണമെന്ന ഇന്റലിജന്റ് ബ്യൂറോ ഉദ്യോഗസ്ഥന്റെ നിർദേശം അനുസരിക്കാത്തതിന്റെ പേരിൽ ഭീകരവാദിയാക്കി അദ്ദേഹത്തെ അറസ്റ്റു ചെയ്യുകയായിരുന്നു. 2005 ഡിസംബർ 12ന് ഡൽഹിയിലെ ആഡംബര ഹോട്ടലുകളിലൊന്നിന് മുന്നിൽ ഒരു കാർ വന്നു നിറുത്തി. കാത്ത് നിൽക്കുകയായിരുന്ന അലി അതിൽ കയറി. കാറിൽ വർഷം 2000 മുതൽ വിവരങ്ങൾ കൈമാറിയിരുന്ന ഐബി ഉദ്യോഗസ്ഥനെ കണ്ടപ്പോൾ അഭിവാദ്യം ചെയ്യുകയും സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു.



വർഷങ്ങളായി പരിചയമുള്ളവരും ജോലിയിൽ സഹകരിക്കുകയും ചെയ്തിരുന്ന ഐബി ഉദ്യോഗസ്ഥനോടൊപ്പം കാറിൽ യാത്ര ചെയ്യുന്നതിൽ ഇർഷാദലിക്ക് യാതൊരു അസ്വഭാവികതയും  തോന്നിയില്ല. രണ്ട് ഉദ്യോഗസ്ഥരുടെയും നടുവിലിരുന്ന ഇർഷാദലിയുടെ തലക്ക് മുകളിലൂടെ കറുത്ത മുഖംമൂടി അണിയിച്ച് കൊടുത്തു. പിന്നീട് നഗരത്തിലെ ചില വീടുകളിൽ തടങ്കലിൽ പാർപ്പിച്ചു ചോദ്യം ചെയ്യാൻ തുടങ്ങി. 2006 ഫെബ്രുവരി 9ന് അലിയുടെ ബന്ധുവും മറ്റൊരു ഇൻഫോർമറുമായിരുന്ന ഖംറാനെയും അലിയെയും വടക്കൻ ഡൽഹിയിൽനിന്നും പിടിക്കപ്പെട്ട അൽബദർ ഭീകരവാദികൾ എന്ന പേരിൽ മാധ്യമങ്ങൾക്ക് മുന്നിൽ ഹാജരാക്കി.

സ്ഫോടക വസ്തു വകുപ്പ് ഐപിസി 120 ബി, 121, 122 വകുപ്പുകൾ, ആംഡ് ആക്റ്റിന്റ സെക്ഷൻ 25 എന്നിവ പ്രകാരം അദ്ദേഹത്തിൽ കുറ്റം ചുമത്തി ഡൽഹി തീഹാർ ജയിലിലെ ജയിൽ നമ്പർ എട്ടിലെ വാർഡ് നമ്പർ അഞ്ചിൽ (ഹൈ റിസ്ക് വാർഡ്) സെൽ നമ്പർ പതിമൂന്നിൽ അടച്ചു. തീഹാർ ജയിലിലെ തീക്ഷ്ണമായ ജീവിതത്തിനിടയിൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻസിംഗിന് ഒരു തുറന്ന കത്തെഴുതി. അതിൽ ഞെട്ടിപ്പിക്കുന്ന പല സത്യങ്ങളും അദ്ദേഹം തുറന്നുപറയുന്നുണ്ട്.സുരക്ഷാ ഉദ്യോഗസ്ഥരുടെ കെണിയിൽനിന്നും നിരപരാധികളായ യുവാക്കളെ രക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഞാനീ കത്തെഴുതുന്നത് എന്ന് ഓർമിപ്പിച്ചാണ് ഈ എഴുത്ത് ആരംഭിച്ചിട്ടുള്ളത്. റാങ്കുകൾ നിലനിറുത്താനും അവാർഡുകൾ സ്വന്തമാക്കാനും ഉന്നത പദവികളിലേക്ക് ചേക്കാറാനും വേണ്ടി പോലീസ് സ്പെഷ്യൽ സെൽ ഐബി ഉദ്യോഗസ്ഥൻമാർ നിരപരാധികളും തൊഴിൽ രഹിതരും അഭ്യസ്തവിദ്യരുമായ യുവാക്കളെ ഭീകരവാദികളാക്കി വേട്ടയാടി കാരാഗൃഹത്തിലടക്കുന്ന കഥകളാണ് അതിൽ വരച്ചിട്ടത്. അതിനുവേണ്ടി നിസ്സാരമായ പ്രതിഫലം നൽകി ഒരുപറ്റം യുവാക്കളെ ഒരുക്കിനിറുത്തിയിട്ടുണ്ടത്രെ. നഗരത്തിലെവിടെയെങ്കിലും വാടക വീട്ടിൽ താമസിക്കാൻ അവരോട് ആവശ്യപ്പെടും. തൊഴിൽരഹിതരായ യുവാക്കളെ കണ്ടെത്തി അവരോട് അടുക്കുകയും സൗഹൃദം സ്ഥാപിക്കുകയും ചെയ്യും. അവരിൽ നിന്നും എളുപ്പത്തിൽ സ്വാധീനിക്കാൻ കഴിയുന്നവരെ ഉൾപെടുത്തി ഒരു ഗ്രൂപ്പുണ്ടാക്കും. ആയുധങ്ങൾ ശേഖരിച്ച് ഇവർക്ക് നൽകി കൊള്ളക്ക് ഇറങ്ങാൻ ഇവരെ പ്രേരിപ്പിക്കും. കാർ മോഷ്ടാക്കളിൽനിന്നും പിടിച്ചെടുത്ത ഒരു വാഹനം സ്പെഷ്യൽ സെൽ രഹസ്യമായി ഇവർക്ക് എത്തിച്ച് നൽകും. സ്പെഷ്യൽ സെൽ ഏജന്റിൽ പൂർണമായി വിശ്വാസമർപ്പിക്കുന്ന യുവാക്കൾ ഒരു ഓപ്പറേഷന് ഇറങ്ങിത്തിരിക്കും. പോലീസ് മുമ്പേ അവിടെ എത്തിയിരിക്കും. ഇവരെയെല്ലാം പിടികൂടുകയും അവരെ ഇതിലേക്ക് തന്ത്രപൂർവം എത്തിച്ച എജന്റിനെ പിടികൂടാതെ ഒഴിവാക്കുകയും ചെയ്യും.

**അനീതിയുടെ തടവറകളിൽ ഇങ്ങനെ അനേകായിരം ജീവിതങ്ങൾ ഹോമിക്കപ്പെടുന്നുണ്ട്. ആരുടെയോ ജീവിതാഭിലാഷങ്ങൾക്കുവേണ്ടി ഇരുട്ടറയിലേക്ക് വലിച്ചെറിയപ്പെട്ടവർ, ജീവിതത്തിന്റ രണ്ടറ്റവും കൂട്ടിയിണക്കുന്നതിന് വേണ്ടിയുള്ള ഓട്ടപ്പാച്ചിലിനിടയിൽ കെണിയിലകപ്പെട്ട് അഗാധ ഗർത്തങ്ങളിൽ ആപതിച്ചവർ, ഏമാൻമാരുടെ അഭിമാന സംരക്ഷണത്തിനായി അവരുടെ പാപഭാരവും പേറി കാരാഗൃഹങ്ങളുടെ അന്ധകാരങ്ങളിലേക്ക് ഊളിയിട്ടവർ, നിയമപാലകരുടെ തോന്നലുകളിൽ കുറ്റം ചാർത്തപ്പെട്ട് ശിക്ഷാവിധിയിൽ മനോവേദന അനുഭവിക്കുന്നവർ, കോടതി വ്യവഹാരങ്ങളിലെ വാചകക്കസർത്തുകളിൽ നിർബന്ധിതരായി കുറ്റം ഏറ്റെടുത്ത് വലഞ്ഞവർ, സാഹചര്യത്തെളിവുകളെല്ലാം തങ്ങൾക്ക് പ്രതികൂലമാണെന്ന് കൽപിച്ചുനിൽകി നിയമവിധിക്ക് കീഴടങ്ങാൻ വിധിക്കപ്പെട്ടവർ, നിയമപാലകരുടെ വിദ്വേഷത്തിന് കാരണമായി കുറ്റം അടിച്ചേൽപിക്കപ്പെട്ടവർ... ഇങ്ങനെ നിരപരാധികളായ അനേകായിരങ്ങൾ ജയിലറകളിലെ അന്ധകാരങ്ങളിൽ കരിഞ്ഞുണങ്ങിക്കൊണ്ടിരിക്കുന്നു!**

**വർഷങ്ങളായി പരിചയമുള്ളവരും ജോലിയിൽ സഹകരിക്കുക യും ചെയ്തിരുന്ന ഐബി ഉദ്യോഗസ്ഥനോടൊപ്പം കാറിൽ യാത്ര ചെയ്യുന്നതിൽ ഇർഷാദലിക്ക് യാതൊരു അസ്വഭാവികതയും തോന്നിയില്ല. രണ്ട് ഉദ്യോഗസ്ഥരുടെയും നടുവിലിരുന്ന ഇർഷാ ദലിയുടെ തലക്ക് മുകളിലൂടെ കറുത്ത മുഖംമൂടി അണിയിച്ച് കൊടുത്തു. പിന്നീട് നഗരത്തിലെ ചില വീടുകളിൽ തടങ്ക ലിൽ പാർപ്പിച്ചു ചോദ്യം ചെയ്യാൻ തുടങ്ങി. 2006 ഫെബ്രുവരി 9ന് അലിയുടെ ബന്ധുവും മറ്റൊരു ഇൻഫോർമറുമായിരുന്ന ഖംറാനെയും അലിയെയും വടക്കൻ ഡൽഹിയിൽനിന്നും പിടിക്ക പ്പെട്ട അൽബദർ ഭീകരവാദികൾ എന്ന പേരിൽ മാധ്യമങ്ങൾക്ക് മുന്നിൽ ഹാജരാക്കി.**

അപ്പോഴേക്കും ഇതിന്റ പിന്നിലെ ബുദ്ധികേന്ദ്രങ്ങളായ ഉദ്യോഗസ്ഥൻമാർക്ക് മെഡലുകളും ധീരതയ്ക്കുള്ള പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ടാകും. കെട്ടിച്ചമച്ച കഥകൾകൊണ്ട് ഇന്റലിജന്റ് ബ്യൂറോ മാധ്യമങ്ങളെയും സർക്കാറിനെയും തൃപ്തിപ്പെടുത്തും.

കുടുംബത്തിന്റ പ്രതീക്ഷയായ ഓരോ യുവാവും എന്നെന്നേക്കുമായി കാരാഗൃഹത്തിലടക്കപ്പെടുകയും, വഞ്ചിക്കപ്പെട്ടു എന്നറിയുമ്പോഴുള്ള അവരുടെ ദയനീയതയും നിസ്സഹായതയും കുടുംബങ്ങളുടെ കണ്ണുനീരും കണ്ടപ്പോൾ ഇർഷാദ് അലിയുടെ മനം മടുത്തു. അയാൾ ഈ ഉദ്യമത്തിൽനിന്ന് മാറിനിൽക്കാൻ ശ്രമിച്ചപ്പോഴാണ് ഐബി ഭീകരവാദിയാക്കി ജയിലിലടച്ചത്. 2005ലെ ഡൽഹി സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ച യഥാർഥ പ്രതികളെ പിടിക്കാൻ പോലീസിന് കഴിയാതിരുന്നപ്പോൾ തന്നെ ബലിയാടാക്കിയതാണെന്നാണ് ഇർഷാദ് അലി വിശ്വസിക്കുന്നത്. അലിക്കെതിരെ സ്പെഷ്യൽ സെല്ല് ചുമത്തിയ കുറ്റം അന്വേഷിക്കാൻ സന്തോഷ് കുമാറിന്റ നേതൃത്വത്തിൽ സിബിഐയെ ചുമതലപ്പെടുത്തി. സത്യസന്ധവും വസ്തുനിഷ്ഠവുമായ അന്വേഷണത്തിനൊടുവിൽ അലിക്കെതിരെയുള്ള കുറ്റാരോപണങ്ങളിൽ തെളിവുകൾ അപര്യാപ്തമാണെന്നു പറഞ്ഞും അദ്ദേഹത്തെ മോചിപ്പിക്കണമെന്ന് ശുപാർശ ചെയ്ത് കൊണ്ടും സിബിഐ റിപ്പോർട്ട് സമർപ്പിച്ചതുകൊണ്ട് 2009ൽ അദ്ദേഹത്തിന് ഹൈക്കോടതി ജാമ്യം അനുവദിച്ചു. 2016 ഡിസംബറിൽ കുറ്റവിമുക്തനാവുകയും ചെയ്തു.

അനീതിയുടെ തടവറകളിൽ ഇങ്ങനെ അനേകായിരം ജീവിതങ്ങൾ ഹോമിക്കപ്പെടുന്നുണ്ട്. ആരുടെയോ ജീവിതാഭിലാഷങ്ങൾക്കുവേണ്ടി ഇരുട്ടറയിലേക്ക് വലിച്ചെറിയപ്പെട്ടവർ, ജീവിതത്തിന്റ രണ്ടറ്റവും കൂട്ടിയിണക്കുന്നതിന് വേണ്ടിയുള്ള ഓട്ടപ്പാച്ചിലിനിടയിൽ കെണിയിലകപ്പെട്ട് അഗാധ ഗർത്തങ്ങളിൽ ആപതിച്ചവർ, ഏമാൻമാരുടെ അഭിമാന സംരക്ഷണത്തിനായി അവരുടെ പാപഭാരവും പേറി കാരാഗൃഹങ്ങളുടെ അന്ധകാരങ്ങളിലേക്ക് ഊളിയിട്ടവർ, നിയമപാലകരുടെ തോന്നലുകളിൽ കുറ്റം ചാർത്തപ്പെട്ട് ശിക്ഷാവിധിയിൽ മനോവേദന അനുഭവിക്കുന്നവർ, കോടതി വ്യവഹാരങ്ങളിലെ വാചകക്കസർത്തുകളിൽ നിർബന്ധിതരായി കുറ്റം ഏറ്റെടുത്ത് വലഞ്ഞവർ, സാഹചര്യത്തെളിവുകളെല്ലാം തങ്ങൾക്ക് പ്രതികൂലമാണെന്ന് കൽപിച്ചുനൽകി നിയമവിധിക്ക് കീഴടങ്ങാൻ വിധിക്കപ്പെട്ടവർ, നിയമപാലകരുടെ വിദ്വേഷത്തിന് കാരണമായി കുറ്റം അടിച്ചേൽപിക്കപ്പെട്ടവർ... ഇങ്ങനെ നിരപരാധികളായ അനേകായിരങ്ങൾ ജയിലറകളിലെ അന്ധകാരങ്ങളിൽ കരിഞ്ഞുണങ്ങിക്കൊണ്ടിരിക്കുന്നു!





**നിയമങ്ങളിൽ ജീവിതം പൊലിയുന്നവർ**

1980ൽ ഡൽഹിയിലും പരിസരങ്ങളിലും നടന്ന ബോംബു സ്ഫോടനങ്ങളുടെ ഉത്തരവാദിത്തം പഞ്ചാബിലെ ഖാലിസ്ഥാനി ഗ്രൂപ്പുകൾക്കായിരുന്നു. അതിനെത്തുടർന്ന് തീവ്രവാദ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനായി 1985 മുതൽ 1995 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന നിയമമായിരുന്നു ടെററിസ്റ്റ് ആന്റ് ഡിസ്രപ്റ്റീവ് ആക്റ്റ് (തീവ്രവാദ വിധ്വംസക പ്രവർത്തന നിരോധന നിയമം) അഥവാ ടാഡ.

ഈ കരിനിയമത്തിന്റ പേരിൽ ധാരാളം നിരപരാധികളെ ജയിലിലടച്ച് പീഡിപ്പിച്ചിട്ടുണ്ട്. ഏകദേശം എഴുപത്തയ്യായിരത്തോളം ആളുകളെയാണ് ഈ നിയമത്തിലൂടെ ജാമ്യം പോലും നിഷേധിച്ച് ജയിലിലടച്ചതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈ നിയമത്തിന്റ പേരിലുള്ള പോലീസ് പീഡനങ്ങളും മർദനങ്ങളും അതിഭീകരമായിരുന്നുവത്രെ! എന്തിനാണ് തങ്ങൾ അറസ്റ്റ് ചെയ്യപ്പെട്ടതെന്നോ തങ്ങൾക്കെതിരെയുള്ള കേസുകൾ എന്താണെന്നോ പോലും അറിയാനാകാതെ പോലീസിന്റെ പീഡനങ്ങളേൽക്കേണ്ടി വന്നു. പോലീസ് ഭീകരത നിറഞ്ഞാടിയ സന്ദർഭമായിരുന്നു അത്. ആരെയും അറസ്റ്റ് ചെയ്യാനും കസ്റ്റഡിയിലെടുക്കാനും പോലീസിന് അധികാരം നൽകുന്ന ഈ നിയമം കാരണം ധാരാളം നിരപരാധികളുടെ ജീവിതമാണ് തകർന്നത്. രാഷ്ട്രീയക്കാരാവട്ടെ തങ്ങളുടെ പ്രതിയോഗികളെ തകർത്തെറിയാനുള്ള അവസരമായി ഇത് ഉപയോഗിച്ചു. സംസാരത്തിലെ വാക്കുപിഴവ് പോലും ടാഡയിലൂടെ ഭീകരക്കുറ്റമായി വ്യാഖ്യാനിക്കപ്പെട്ടു. പഞ്ചാബ് ഹൈക്കോടതിയിൽനിന്നും റിട്ടയർ ചെയ്ത ജസ്റ്റിസ് അജീസിംഗ് ബെയിൻസ്റ്റൻ വാക്കുപിഴവിലൂടെ ഈ നിയമം കൊണ്ട് ശിക്ഷിക്കപ്പെട്ട ദുരന്തനായകനാണെന്ന് അദ്ദേഹത്തിന്റ അനുഭവക്കുറിപ്പിൽ വായിക്കാനാകും. ശക്തമായ ജനകീയ പ്രതിഷേധങ്ങൾക്കൊടുവിൽ ടാഡ എന്ന കരിനിയമം 1995ൽ പിൻവലിക്കുകയുണ്ടായി

**2001 സെപ്തംബർ 11ന് അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തോടെ ഭീകരവാദ പ്രവർത്തനങ്ങൾക്കെതിരെയുള്ള നിയമനിർമാണത്തിലൂടെ ജാഗ്രത കൈകൊള്ളാൻ രാജ്യം നിർബന്ധിതരായി. അമേരിക്കൻ പ്രസിഡൻറ് ജോർജ് ബുഷ് അഫ്ഗാനിസ്ഥാനെതിരെ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് ഇതര രാഷ്ട്രങ്ങളുടെ ഐക്യദാർഢ്യത്തിനായി ലോകത്തോട് ആവശ്യപ്പെട്ടു. ഈ ഉദ്യമത്തിന് പങ്കാളികളാകാത്തവരെ അമേരിക്കയുടെ ശത്രുവായി മുദ്രകുത്തി. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യ അമേരിക്കക്കും ബുഷിനും ഒപ്പമാണെന്ന് ലോകത്തെ അറിയിക്കുവാനായി തീവ്രവാദവിരുദ്ധ നിയമമായി പോട്ട (Prevention of Terrorist Activites Act) സ്ഥാപിക്കപ്പെട്ടു. 2002 ബിജെപിയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന ദേശീയ ജനാധിപത്യ സഖ്യം എന്ന കൂട്ടുകക്ഷി ഗവൺമെന്റാണ് ഈ നിയമം കൊണ്ടുവന്നത്.**

2001 സെപ്തംബർ 11ന് അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തോടെ ഭീകരവാദ പ്രവർത്തനങ്ങൾക്കെതിരെയുള്ള നിയമനിർമാണത്തിലൂടെ ജാഗ്രത കൈകൊള്ളാൻ രാജ്യം നിർബന്ധിതരായി. അമേരിക്കൻ പ്രസിഡൻറ് ജോർജ് ബുഷ് അഫ്ഗാനിസ്ഥാനെതിരെ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് ഇതര രാഷ്ട്രങ്ങളുടെ ഐക്യദാർഢ്യത്തിനായി ലോകത്തോട് ആവശ്യപ്പെട്ടു. ഈ ഉദ്യമത്തിന് പങ്കാളികളാകാത്തവരെ അമേരിക്കയുടെ ശത്രുവായി മുദ്രകുത്തി.

ഈ പശ്ചാത്തലത്തിലാണ് ഇന്ത്യ അമേരിക്കക്കും ബുഷിനും ഒപ്പമാണെന്ന് ലോകത്തെ അറിയിക്കുവാനായി തീവ്രവാദവിരുദ്ധ നിയമമായി പോട്ട (Prevention of Terrorist Activites Act) സ്ഥാപിക്കപ്പെട്ടത്. 2002ൽ ബിജെപിയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന ദേശീയ ജനാധിപത്യ സഖ്യം എന്ന കൂട്ടുകക്ഷി ഗവൺമെന്റാണ് ഈ നിയമം കൊണ്ടുവന്നത്. 2004ൽ റദ്ദാക്കപ്പെട്ട പ്രസ്തുത നിയമം അനുസരിച്ച് ആരെയും അറസ്റ്റ് ചെയ്യാനുള്ള സൗകര്യമായി. അസംഖ്യം ജനങ്ങൾ ഈ നിയമത്തിന്റെയും ഇരകളായി. തീവ്രവാദമെന്തെന്ന് പോലും അറിയാത്ത നിഷ്കളങ്കരും നിരപരാധികളുമാണ് ഭീകരവാദികളായി ചിത്രീകരിച്ച് അറസ്റ്റുചെയ്യപ്പെട്ടത്. അഭ്യന്തര അസ്വസ്ഥതകളോ സംഘർഷങ്ങളോ നിയന്ത്രിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനങ്ങളെ സഹായിക്കാൻ സായുധ സേനയ്ക്ക് പ്രത്യേക അധികാരം നൽകുന്നതിനായാണ് അഫ്സ്പ


**രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കുന്നതിനും ദേശത്തിന്റെ അഖണ്ഡത നിലനിറുത്തുന്നതിനുമായി ദേശീയോദ്ഗ്രഥന കൗൺസിൽ നിയമിച്ച കമ്മിറ്റി 1963ൽ നൽകിയ ശുപാർശ പ്രകാരം** The Unlaw-ful Activities Privention Act **അഥവാ** UAPA **ഇന്ത്യൻ പാർലമെന്റിൽ അതേ വർഷംതന്നെ അവതരിപ്പിക്കപ്പെട്ടു. ഈ നിയമത്തിലൂടെ ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനുമുള്ള അവകാശം, സമാധാനപരമായും നിരായുധരായും ഒത്തുചേരാനുള്ള അവകാശം, സംഘടിക്കാനുള്ള അവകാശം എന്നിവയ്ക്കുമേൽ ഭരണകൂടത്തിന് നിയന്ത്രണമേർപ്പെടുത്താനുള്ള അധികാരം നൽകുന്നു. ഭരണകൂടത്തിന് രാജ്യസുരക്ഷയുടെ പേരിൽ ഭരണഘടനയ്ക്കും മറ്റു നിയമങ്ങൾക്കും അതീതമായ ആധികാരവും നൽകുന്നുണ്ട്.**

അഥവാ ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് നിയമം കൊണ്ടുവന്നത്. 1942 ആഗസ്റ്റ് 15ന് ബ്രിട്ടീഷ് സർക്കാറാണ് ഈ ഓർഡിനൻസ് പ്രഖ്യാപിക്കുന്നത്. സ്വാതന്ത്ര്യാനന്തരം തുടർന്ന സംഘർഷങ്ങളും ഇതര പ്രശ്നങ്ങളും കണക്കിലെടുത്ത് നിയമം തുടരാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുകയായിരുന്നു. 1958ൽ രാഷ്ട്രപതി ഡോ.രാജേന്ദ്ര പ്രസാദ് ഓർഡിനൻസിൽ ഒപ്പുവെച്ചതോടെയാണ് ഇത് നിയമമായി മാറിയത്. ആദ്യം അസമിലും പിന്നീട് ഏഴ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുമാണ് നടപ്പാക്കിയത്. തീവ്രവാദി ഭീഷണി പരിഗണിച്ച് ജമ്മു കാശ്മീരിലും പഞ്ചാബിലും നിയമം പ്രാബല്യത്തിൽ വരികയുണ്ടായി.

ഇന്ത്യൻ ആർമി, എയർഫോഴ്സ്, കേന്ദ്ര സായുധ പാരാമിലട്ടറി സേനകൾ എന്നിവയ്ക്ക് അസാധാരണമായ അധികാരങ്ങളും നിയമപരിരക്ഷയും ഈ നിയമം നൽകുന്നു. നാഗാലാന്റിലെ നിരപരാധികളായ ധാരാളം ഖനി തൊഴിലാളികളെയാണ് ഈ നിയമത്തിന്റെ തണലിൽ സൈന്യം വെടിവെച്ച് കൊന്നത്. മണിപ്പൂർ സംസ്ഥാനത്തുനിന്ന് ഈ നിയമം പൂർണമായി പിൻവലിക്കണമെന്നാവശ്യപ്പെട്ട് 16 വർഷം നിരാഹാര സമരം നടത്തിയ കവയിത്രിയും സന്നദ്ധപ്രവർത്തകയുമായ ഇറോം ചാനു ശർമ്മിളയുടെ പ്രവർത്തനങ്ങൾ ഈ രംഗത്ത് ഏറെ ശ്രദ്ധേയമാണ്.

### തടവറയൊരുക്കി യുഎപിഎയും

രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കുന്നതിനും ദേശത്തിന്റെ അഖണ്ഡത നിലനിറുത്തുന്നതിനുമായി ദേശീയോദ്ഗ്രഥന കൗൺസിൽ നിയമിച്ച കമ്മിറ്റി 1963ൽ നൽകിയ ശുപാർശ പ്രകാരം The Unlaw-ful Activities Privention Act അഥവാ UAPA ഇന്ത്യൻ പാർലമെന്റിൽ അതേ വർഷംതന്നെ അവതരിപ്പിക്കപ്പെട്ടു. ഈ നിയമത്തിലൂടെ ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനുമുള്ള അവകാശം, സമാധാനപരമായും നിരായുധരായും ഒത്തുചേരാനുള്ള അവകാശം, സംഘടിക്കാനുള്ള അവകാശം എന്നിവയ്ക്കുമേൽ ഭരണകൂടത്തിന് നിയന്ത്രണമേർപ്പെടുത്താനുള്ള അധികാരം നൽകുന്നു. ഭരണകൂടത്തിന് രാജ്യസുരക്ഷയുടെ പേരിൽ ഭരണഘടനയ്ക്കും മറ്റു നിയമങ്ങൾക്കും അതീതമായ അധികാരവും നൽകുന്നുണ്ട്. 1967ൽ പാർലമെന്റിലെ ഇരുസഭകളും പാസ്സാക്കിയ ഈ നിയമം അതേ വർഷം ഡിസംബർ 30ന് രാഷ്ട്രപതി ഒപ്പുവെക്കുകയായിരുന്നു. ശേഷമുള്ള വർഷങ്ങളിൽ ഈ ബില്ലിൽ കടുപ്പമേറിയ ഭേദഗതി വരുത്തുകയുണ്ടായി. 2008ലെ ഭേദഗതിക്ക് ശേഷമാണ് യുഎപിഎ വ്യാപകമായി ഉപയോഗിച്ച് തുടങ്ങിയത്. ഭരണകൂടത്തിന്റെ അമിതാധികാര പ്രയോഗത്തിൽ ഇരകളാക്കപ്പെട്ട ആയിരക്കണക്കിനാളുകൾ (അതിൽ ഏതാണ്ടെല്ലാവരും നിരപരാധികളായവർ) ജയിലിലടക്കപ്പെടുകയുണ്ടായി. മുംബൈ ഭീകരാക്രമണത്തിനുശേഷം ഭേദഗതി ചെയ്യപ്പെട്ട ഈ നിയമം രാജ്യത്ത്



നിലനിൽക്കുന്ന എല്ലാ ക്രിമിനൽ നിയമങ്ങൾക്കുമെതിരാണ്. യുഎപിഎ പ്രകാരം കുറ്റം ചെയ്തിരിക്കുന്നുവെന്ന് ഏതെങ്കിലും വ്യക്തിയോ രേഖയോ നൽകുന്ന വിവരം, അന്വേഷണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി നൽകുന്ന വിവരം എന്നിവ അനുസരിച്ച് ഏതൊരാളെയും തിരയാനും അയാളുടെ വസ്തുവകകൾ പിടിച്ചെടുക്കാനും അറസ്റ്റ് ചെയ്യാനും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. അറസ്റ്റ് ചെയ്യപ്പെട്ടയാളാണെങ്കിൽ യുഎപിഎ യുടെ 43 ഡി (2) വകുപ്പ് പ്രകാരം പ്രാഥമിക തടങ്കലിൽ വെക്കാനുള്ള കാലയളവ് 180 ദിവസവുമാണ്. ഈ നിയമമനുസരിച്ച് കുറ്റാരോപിതനാണെങ്കിൽ നിരപരാധിയാണെന്ന് തെളിയിക്കേണ്ടത് അവൻ സ്വയം തന്നെയാണെന്നതാണ് ഇതിന്റെ മറ്റൊരു കെണി!

ഈ നിയമത്തിന്റെ കെണിയിൽ പെട്ട് ഇന്നും കാരാഗൃഹത്തിന്റെ ഇരുട്ടറകളിൽ സമയം തള്ളിനീക്കുന്ന അനേകായിരമുണ്ടെന്നത് നൊമ്പരപ്പെടുത്തുന്ന കാര്യമാണ്.

**യുഎപിഎ തടവറ ജീവിതങ്ങൾ**

അകാരണമായ തടവിനും നീതിനിഷേധത്തിനും മറ്റു മനുഷ്യാവകാശ ലംഘനങ്ങൾക്കും യുഎപിഎ കാരണമാകുന്നുണ്ട്. എതിർശബ്ദങ്ങളെ മുഴുവൻ അടിച്ചമർത്താനുള്ള ഭരണകൂട തന്ത്രമായി ഇത് വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. നിരപരാധികളായ മനുഷ്യരെ വർഷങ്ങളോളം തടവിലിടാനുള്ള ഭീകരവിരുദ്ധ നിയമങ്ങളുടെ തുർച്ചയാണിതെന്ന വിമർശനവുമുണ്ട്.

2017 ഡിസംബർ 31ന് പൂനെയിൽ നടന്ന എൽഗാർ പരിഷത്തിൽ അക്രമത്തിന് ആളുകളെ പ്രേരിപ്പിച്ചു, സർക്കാറിനെതിരെ ഗൂഢാലോചന നടത്തി, മാവോയിസ്റ്റ് ബന്ധം എന്നിവ ആരോപിച്ച് പ്രശസ്ത എഴുത്തുകാരനും ചിന്തകനുമായ ആനന്ദ് തെൽതുംബ്ദെയെ യുഎപിഎ നിയപ്രകാരം തടവിലാക്കിയിട്ടുണ്ട്. ഡോ.അംബേദ്കറുടെ കൊച്ചുമകളെയാണ് അദ്ദേഹം വിവാഹം ചെയ്തിരുന്നത്. ഇന്ത്യയിലെ പ്രമുഖനായ ദളിത് മാർക്സിസ്റ്റ് ചിന്തകൻ കൂടിയാണദ്ദേഹം.

മനുഷ്യാവകാശ പ്രവർത്തകനായ ഗൗതംനവലാഖയും യുഎപിഎ നിയമത്തിന്റെ ഇരയാണ്. അധ്യാപകരായ സായി ബാബ, ഹാനി ബാബു, സാമൂഹിക പ്രവർത്തകനും മലയാളിയുമായ റോണാവിൽസൻ, അഭിഭാഷകരായ സുധാ ഭരദ്വാജ്, സുരേന്ദ്ര ഗാഡ്‌ലിങ് എന്നിവർ സംഘപരിവാര രാഷ്ട്രീയത്തോടുള്ള വിയോജിപ്പിന്റെ ഫലമായി യുഎപിഎ നിയമം ചുമത്തപ്പെട്ട പ്രതികാര രാഷ്ട്രീയത്തിന്റെ ഇരകളാണ്. ഇന്ത്യൻ ഭരണം ബിജെപിയുടെ കരങ്ങളിലായതോടെ ഈ നിയമം ന്യൂനപക്ഷങ്ങളെ വേട്ടയാടാനുള്ള ഉപകരണമായി. ധാരാളം നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാർ കാരാഗൃഹങ്ങളിൽ അടക്കപ്പെട്ടിരിക്കുകയാണ്. മലയാളി മാധ്യമ പ്രവർത്തകനും കേരള പത്രപ്രവർത്തക യൂണിയൻ ഡൽഹി ഘടകം സെക്രട്ടറിയുമായ സിദ്ദീഖ് കാപ്പൻ തന്റ ജോലിയുടെ ഭാഗമായി, യുപിയിലെ ഹഥ്റസിൽ ക്രൂരമായ ബലാൽസംഗത്തിനിരയാവുകയും കൊല്ലപ്പെടുകയും ചെയ്ത ദളിത് പെൺകുട്ടിയുടെ കൊലപാതക ക്കേസ് അന്വേഷിക്കാനെത്തിയതായിരുന്നു. 2020 ഒക്ടോബർ 5ന് യുപി പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും യുഎപിഎ ചുമത്തി തടവിലിടുകയും ചെയ്തു.



**മനുഷ്യാവകാശ പ്രവർത്തകനായ ഗൗതംനവലാഖയും യുഎപിഎ നിയമത്തിന്റ ഇരയാണ്. അധ്യാപകരായ സായി ബാബ, ഹാനി ബാബു, സാമൂഹിക പ്രവർത്തകനും മലയാളിയുമായ റോണാവിൽസൻ, അഭിഭാഷകരായ സുധാ ഭരദ്വാജ്, സുരേന്ദ്ര ഗാഡ്‌ലിങ് എന്നിവർ സംഘപരിവാര രാഷ്ട്രീയത്തോടുള്ള വിയോജിപ്പിന്റ ഫലമായി യുഎപിഎ നിയമം ചുമത്തപ്പെട്ട പ്രതികാര രാഷ്ട്രീയത്തിന്റ ഇരകളാണ്. ഇന്ത്യൻ ഭരണം ബിജെപിയുടെ കരങ്ങളിലായതോടെ ഈ നിയമം ന്യൂനപക്ഷങ്ങളെ വേട്ടയാടാനുള്ള ഉപകരണമായി. ധാരാളം നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാർ കാരാഗൃഹങ്ങളിൽ അടക്കപ്പെട്ടിരിക്കുകയാണ്.**

2020 നവംബർ 16ന് കേരള പത്രപ്രവർത്തക യൂണിയൻ സുപ്രീം കോടതിയിൽ ഹർജി സമർപിച്ചതിനെ തുടർന്ന് കോടതി യുപി സർക്കാറിനും പോലീസിനും നോട്ടീസ് അയച്ചു. 6 മാസത്തിനിടെ ഏഴ് ഹേബിയസ് കോർപ്പസ് ഹർജികൾ ഫയൽ ചെയ്തിട്ട് പോലും അജ്ഞാതമായ കാരണങ്ങളാൽ കേസ് തീർപ്പാക്കാനായില്ല. കേസിന്റെ നിജസ്ഥിതി അറിയണമെങ്കിൽ ഈ കേസുമായി ബന്ധപ്പെട്ട സുപ്രീം കോടതിയിലെ വാദവും പ്രതിവാദവും ശ്രദ്ധിച്ചാൽ മതി. അഭിപ്രായം സ്വതന്ത്രമായി പ്രകടിപ്പിക്കാൻ അവകാശമുണ്ടായിരിക്കെ ഇരക്ക് നീതി കിട്ടാൻ ശബ്ദമുയർത്തുന്നത് ഇന്ത്യയിൽ കുറ്റകൃത്യമാണോ എന്ന് ചീഫ് ജസ്റ്റിസ് യു.യു ലളിത് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് യുപി സർക്കാറിനോട് ചോദിക്കുന്നുണ്ട്. ഇരക്ക് നീതികിട്ടാൻ ആവശ്യമായ ആശയം പ്രചരിപ്പിക്കുന്നതും അതിനായി ഒന്നായി പൊതുശബ്ദമുയർത്താമെന്ന് ഒരാൾ കരുതുന്നതും

ഇന്ത്യയിൽ കുറ്റമാണോ എന്നും ചോദിക്കുന്നുണ്ട്.

കേരളത്തിൽ അറിയപ്പെട്ട വലതുപക്ഷ നിരീക്ഷകന്റെ സംസാരത്തിൽനിന്ന് കാപ്പൻ കേസിന്റെ വസ്തുതയെ വായിച്ചെടുക്കാനാകും. അദ്ദേഹം കാപ്പന്റ ഭാര്യയെ ഉപദേശിക്കുന്നതിങ്ങനെയാണ്:

'ദലിത്-മുസ്‌ലിം ഐക്യം എന്ന പ്രത്യയശാസ്ത്രത്തിലൂന്നി പ്രവർത്തിക്കുന്ന ആളാണ് സിദ്ദീഖ് കാപ്പൻ. എന്നാൽ ബ്രാഹ്മണ മുന്നാക്ക സമുദായത്തിന്റെ നിയന്ത്രണത്തിലാണ് ഇന്ത്യയിലെ ഡീപ് സ്‌റ്റേറ്റ്. സവർണർക്കെതിരായ ദലിത്-മുസ്‌ലിം യോജിപ്പ് എന്ന പദ്ധതി അവർ വെച്ചുപൊറുപ്പിക്കില്ല. അതിനാൽതന്നെ, കാപ്പന്റെ മോചനം അത്ര എളുപ്പമല്ലത്രെ!'

യുപി ഗവൺമെന്റ് പ്രോസിക്യൂട്ടറുടെ വാദങ്ങൾ സുപ്രീം കോടതി തള്ളുകയും യുപി സ്വദേശികൾ ജാമ്യക്കാരായി വേണമെന്ന വ്യവസ്ഥയിൽ അദ്ദേഹത്തിന് ജാമ്യം അനുവദിക്കുകയും ചെയ്തു. ലഖ്നൗ സർവകലാശാല മുൻ വിസി പ്രൊഫസർ രൂപ് രേഖ വർമ ജാമ്യത്തിനായി മുന്നോട്ടുവന്നത് ഇന്ത്യയുടെ മതനിരപേക്ഷത നെഞ്ചോട് ചേർത്തവർക്ക് ഏറെ ആവേശമുളവാക്കുന്നതാണ്. ഇ.ഡിയുടെ കേസിൽ അദ്ദേഹത്തിന് പുറത്തിറങ്ങാനായിട്ടില്ലെന്ന ആശങ്കയും ഉണ്ട്. ഒരു പത്രപ്രവർത്തകനെന്ന നിലയിൽ കാപ്പന്റെ പ്രശ്നങ്ങൾ സമൂഹത്തിലവതരിപ്പിക്കപ്പെട്ടുവെങ്കിലും അറിയപ്പെടാത്ത നിരപരാധികൾ എത്രയോ കാരാഗൃഹത്തിന്റ ഇരുട്ടറയിൽ ഞെരുങ്ങിക്കഴിയുന്നുണ്ടാകാം.

**യുപി ഗവൺമെന്റ് പ്രോസിക്യൂട്ടറുടെ വാദങ്ങൾ സുപ്രീം കോടതി തള്ളുകയും യുപി സ്വദേശികൾ ജാമ്യക്കാരായി വേണമെന്ന വ്യവസ്ഥയിൽ അദ്ദേഹത്തിന് ജാമ്യം അനുവദിക്കുകയും ചെയ്തു. ലഖ്നൗ സർവകലാശാല മുൻ വിസി പ്രൊഫസർ രൂപ് രേഖ വർമ ജാമ്യത്തിനായി മുന്നോട്ടുവന്നത് ഇന്ത്യയുടെ മതനിരപേക്ഷത നെഞ്ചോട് ചേർത്തവർക്ക് ഏറെ ആവേശമുളവാക്കുന്നതാണ്. ഇ.ഡിയുടെ കേസിൽ അദ്ദേഹത്തിന് പുറത്തിറങ്ങാനായിട്ടില്ലെന്ന ആശങ്കയും ഉണ്ട്. ഒരു പത്രപ്രവർത്തകനെന്ന നിലയിൽ കാപ്പന്റെ പ്രശ്നങ്ങൾ സമൂഹത്തിലവതരിപ്പിക്കപ്പെട്ടുവെങ്കിലും അറിയപ്പെടാത്ത നിരപരാധികൾ എത്രയോ കാരാഗൃഹത്തിന്റ ഇരുട്ടറയിൽ ഞെരുങ്ങിക്കഴിയുന്നുണ്ടാകാം.**

മാലേഗാവ്, സംഝോതാ എക്സ്പ്രസ്, മെക്ക മസ്ജിദ്, അജ്മീർ സ്ഫോടന പരമ്പരയിലെ കുപ്രസിദ്ധ ആസൂത്രണങ്ങൾ സ്വാമി അസിമാനന്ദയുടെ വെളിപ്പെടുത്തലും നിരപരാധികളായ മുസ്‌ലിം യുവാക്കളുടെ തടവറ ജീവിതത്തെക്കുറിച്ചാണ്.

സഹതടവുകാരനും നിരപരാധിയുമായി കലീം എന്ന മുസ്‌ലിം യുവാവിന്റ സൽസ്വഭാവവും പെരുമാറ്റവുമാണ് അയാളെ കുറ്റം ഏറ്റുപറയാൻ നിർബന്ധിതനാക്കിയത്. മാലേഗാവ്, മെക്ക മസ്ജിദ് സ്ഫോടനങ്ങൾ ആ സാധുവായ യുവാവിൽ ആരോപിച്ച് കാരാഗൃത്തിലടച്ചതായിരുന്നു.

### തടവറകളിലെ മലയാളി സാന്നിധ്യം

ടൈംസ് ഓഫ് ഇന്ത്യയുടെ 2019 ലെ റിപ്പോർട്ടിൽ കേരളത്തിലെ യുഎപിഎ കേസുകളുടെ എണ്ണം 151 ആണെന്ന് അവകാശപ്പെടുന്നുണ്ട്. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ യുഎപിഎ പ്രകാരം കേസെടുത്ത സംസ്ഥാനം കേരളമാണെന്ന് അവകാശപ്പെടുന്നുണ്ട്. 'എല്ലാ ഭരണകൂടവും സ്വേഛാധിപതികളെ സൃഷ്ടിക്കുന്നു. അവരുടെ ഈഗോകളാണ് നിരപരാധികളെ തടവിലാക്കുന്നത്.' ഈയടുത്ത് മാവോയിസ്റ്റാണെന്ന് ആരോപിച്ച് യുഎപിഎ ചുമത്തപ്പെട്ട അലൻ ശുഹൈബിന്റ മാതാവിന്റ വാക്കുകളാണിത്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ദേശത്തെ കോണിയത്ത് സകരിയ്യ 12 വർഷമായി ബാംഗ്ലൂരിലെ പരപ്പന അഗ്രഹാര ജയിലിൽ വിചാരണത്തടവുകാരനായി കഴിഞ്ഞ് കൂടുന്നു. 2008ൽ ബെംഗളുരു സ്ഫോടനക്കേസിൽ എട്ടാം പ്രതിയായി ആരോപിക്കപ്പെട്ടാണ് അറസ്റ്റ് ചെയ്തത്. തിരൂരിലെ മൊബൈൽ കടയിൽ ജോലി ചെയ്തിരുന്ന സകരിയ്യ ബെംഗളുരു സ്ഫോടനത്തിന് ഉപയോഗിച്ച ബോംബുകൾക്കാവശ്യമായ മൈക്രോ ചിപ്പുകൾ നിർമിക്കാൻ മറ്റു പ്രതികളെ സഹായിച്ചുവെന്നാണ് ആരോപണം. കർണാടക പോലിസ് ചോദ്യം ചെയ്ത് വിട്ടയക്കാമെന്ന ഉറപ്പിലാണ് കസ്റ്റഡിയിലെടുക്കുന്നത്. യുഎപിഎ അടക്കമുള്ള നിയമ പ്രകാരമാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തിരിക്കുന്നത്. നിഷ്കളങ്കനായ, 18 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന സകരിയ്യയിൽനിന്ന് അത്തരം കുറ്റങ്ങൾ വരാൻ ഒരു സാധ്യതയുമില്ലെന്ന് അവന്റെ സുഹൃത്തുക്കളും നാട്ടുകാരും ആണയിട്ട് പറയുന്നുണ്ട്. എൻഐഎ അവന്റെമേൽ കുറ്റം ചുമത്തുമ്പോൾ നിസ്സഹായതയോടെ നോക്കി നിൽക്കാനേ എല്ലാവർക്കും കഴിഞ്ഞുള്ളൂ. 12 വർഷങ്ങൾക്കിടയിൽ രണ്ടുതവണ മാത്രമാണ് അവന് വീട്ടിലേക്ക് വരാനായത്. ഒന്ന് ജ്യേഷ്ഠന്റെ കല്യാണത്തിനും മറ്റൊരിക്കൽ ആ ജ്യേഷ്ഠന്റെതന്നെ മരണാനന്തരവും. ഏതായിരുന്നാലും അവനെതിരെ ആരോപിക്കപ്പെട്ട കുറ്റത്തിന് സാക്ഷികളായി പോലീസ് കൊണ്ടുവന്ന രണ്ട് പേരും ഇത് വ്യാജമാണെന്ന് പറഞ്ഞ് നിഷേധിക്കുന്നുണ്ട്. ഈ കേസിലെ ആദ്യ സാക്ഷി നിസാമുദ്ദീൻ എന്ന യുവാവാണ്. കർണാടക പോലീസ് കന്നട ഭാഷയിലെ ഒരു പ്രസ്താവന നിസാമുദ്ദീന് നൽകി ഒപ്പിടാനാവശ്യപ്പെടുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കന്നട ഭാഷ വശമില്ലാത്തതിനാൽ അതെന്താണെന്നന്വേഷിച്ചപ്പോൾ കൂടെയുണ്ടായിരുന്ന പരപ്പനങ്ങാടി എസ്ഐ ഷറഫുദ്ദീന്റ ഫോൺ

ഞാനാണ് ഉപയോഗിക്കുന്നതെന്ന പ്രസ്താവന മാത്രമാണതെന്ന് പറയുകയായിരുന്നുവത്രെ! അങ്ങനെയാണ് കേസിലെ ആദ്യ സാക്ഷിയാകുന്നതും ഒപ്പിടുന്നതുമെല്ലാമെന്ന് ഷറഫുദ്ദീൻ പറയുന്നുണ്ട്.

രണ്ടാമത്തെ സാക്ഷിയായി കർണാടക പോലീസ് അവതരിപ്പിച്ചത് ഹരിദാസ് എന്നയാളെ ആയിരുന്നു. സകരിയ്യയെ നേരിൽ കണ്ടിട്ടില്ലാത്ത ഹരിദാസിന്റ വ്യാജമൊഴി പോലീസ് സൃഷ്ടിച്ചതായിരുന്നുവെന്ന് പിന്നീട് ഹരിദാസ് തന്നെ വെളിപ്പെടുത്തിയിരുന്നു. പോലീസ് റെക്കോർഡിലെ മൊഴി താൻ നൽകിയതല്ലെന്ന് പറഞ്ഞ ഹരിദാസ്, കേസന്വേഷണത്തിനിടയിൽ തന്നോട് സംസാരിക്കുന്നതിനിടെ ചില പ്രാഥമിക വിവരങ്ങൾ കർണാട പോലീസ് ചോദിച്ചിരുന്നു എന്നും ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സൗഹാർദത്തോടുകൂടിത്തന്നെയാണ് ജീവിക്കുന്നതെന്നായിരുന്നു അന്നവരോട് പറഞ്ഞതെന്നും ഹരിദാസ് സാക്ഷ്യപ്പെടുത്തുന്നു. ഇതെല്ലാം പുറത്ത് പറഞ്ഞിട്ടും പിന്നെയെന്തിനാണ് സക്കരിയയെ വേട്ടയാടുന്നതെന്ന കുടുംബങ്ങളുടെയും നാട്ടുകാരുടെയും ചോദ്യം പ്രസക്തമാണ്.

എല്ലാ വിചാരണത്തടവുകാരെയും വിചാരണക്കെടുത്ത് പെട്ടെന്ന് നീതി നടപ്പിലാക്കുകയാണ് വേണ്ടത്. പച്ചയായി വർഗിയതക്ക് വേണ്ടി വിഷം വമിക്കുന്ന വാക്കുകൾകൊണ്ട് സമൂഹത്തെയും രാഷ്ട്രത്തെയും മുറിപ്പെടുത്തുന്ന ധാരാളം ആളുകൾ പുറത്തിറങ്ങി നടക്കുമ്പോഴും ചിലരെ മാത്രം താഴിട്ട് പൂട്ടുന്നത് ജനാധിപത്യ രാജ്യത്തെ ഏറ്റവും വലിയ അനീതിയാണ്. പക്ഷപാതിത്വമാണ്. ഭരണകൂട ഭീകരതയാണ്.

**തിരിച്ചറിയേണ്ട കാര്യങ്ങൾ**

അനീതിയുടെ തടവറകളിൽ ജീവിതം ഹോമിക്കപ്പെടേണ്ടിവരുന്നവരുടെ സാഹചര്യങ്ങൾ ചർച്ചയാക്കണം.

പോലീസ്, ഐബി ഉദ്യോഗസ്ഥൻമാരുടെ ഗ്രെയ്ഡ് ഉയർത്തുന്നതിന് വേണ്ടി കെട്ടിയുണ്ടാക്കപ്പെടുന്ന മിഥ്യാകഥകളിൽ ജീവിതം തടവറക്കകത്തായവരുണ്ട്. ഭീകരവാദങ്ങളുടെ പരിണതിയിൽ ഉണ്ടാകുന്ന സ്ഫോടനങ്ങളിൽ യഥാർഥ കുറ്റവാളികളെ അവരുടെ പിടിപാടുകൾ കൊണ്ടോ മറ്റോ പിടിക്കാൻ സാധിക്കാതെ വന്നാൽ ഏതെങ്കിലും സാധുക്കളുടെ തലയിൽ ആ കുറ്റം ചാർത്തി ഉദ്യോഗസ്ഥർ തങ്ങളുടെ പേരുദോഷത്തിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കാറുണ്ട്. അങ്ങനെ അതിന്റെ ഇരകളായി മാറി കാരാഗൃഹവാസത്തിന് വിധിക്കപ്പെട്ടവരുണ്ട്. ജനാധിപത്യ പ്രക്രിയയിൽ രാജ്യത്തിന് അതീവ സുരക്ഷയൊരുക്കാൻ ഞങ്ങളുടെ സർക്കാറിനേ സാധിക്കൂവെന്ന് വോട്ടർമാരെ ബോധ്യപ്പെടുത്താനുള്ള ഒരു നാടകത്തിന്റെ ഇരകളായവരും ഉണ്ടായിരിക്കാം. ഭീകരവാദികൾക്ക് ഓശാന പാടുന്ന ഉദ്യോഗസ്ഥവൃന്ദത്തിന്റ അഡ്ജസ്റ്റ്മെന്റ് ഡ്രാമയുടെ ഭാഗമായി പിടികൂടപ്പെട്ടവരുണ്ടായിരിക്കാം.

ഇങ്ങനെയുള്ള കുതന്ത്രങ്ങളെ തിരിച്ചറിയാതെ മുസ്‌ലിം യുവാക്കളെ വൈകാരികതയിൽ തളച്ചിട്ട് ഫാഷിസത്തിന്റെ ഉൻമൂലന രാഷ്ട്രീയത്തിന് തലവെച്ച് കൊടുക്കുന്ന വികാര ജീവികൾക്ക് ഇനിയെങ്കിലും തിരിച്ചറിവ് ഉണ്ടാകണമെന്നാണ് സമാധാനകാംക്ഷികൾ ആഗ്രഹിക്കുന്നത്.

ഏതായിരുന്നാലും കുറ്റാരോപിതരായി ജയിലിലടക്കപ്പെടുന്ന അനേകായിരം യുവാക്കൾക്ക് അവരുടെ ജീവിതത്തിന്റെ വസന്തകാലം മുഴുവൻ കാരാഗൃഹങ്ങളിൽ കഴിഞ്ഞുകൂടേണ്ടിവരുന്ന നിസ്സഹായതയെക്കുറിച്ചുള്ള ചിന്തയും ചർച്ചയും പൊതുബോധങ്ങളിൽ ഇടംപിടിക്കണം. കുറ്റം ചെയ്തവരാണെങ്കിൽ അവർ ശിക്ഷിക്കപ്പെടേണ്ടവർ തന്നെയാണ്. നിരപരാധികളാണെങ്കിൽ കൊഴിഞ്ഞുപോയ നല്ല നാളുകൾ അവർക്ക് തിരികെ നൽകാൻ ആർക്ക് സാധിക്കും? ■



**പോലീസ്, ഐബി ഉദ്യോഗസ്ഥൻമാരുടെ ഗ്രെയ്ഡ് ഉയർത്തുന്നതിന് വേണ്ടി കെട്ടിയുണ്ടാക്കപ്പെടുന്ന മിഥ്യാകഥകളിൽ ജീവിതം തടവറക്കകത്തായവരുണ്ട്. ഭീകരവാദങ്ങളുടെ പരിണതിയിൽ ഉണ്ടാകുന്ന സ്ഫോടനങ്ങളിൽ യഥാർഥ കുറ്റവാളികളെ അവരുടെ പിടിപാടുകൾ കൊണ്ടോ മറ്റോ പിടിക്കാൻ സാധിക്കാതെ വന്നാൽ ഏതെങ്കിലും സാധുക്കളുടെ തലയിൽ ആ കുറ്റം ചാർത്തി ഉദ്യോഗസ്ഥർ തങ്ങളുടെ പേരുദോഷത്തിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കാറുണ്ട്. അങ്ങനെ അതിന്റെ ഇരകളായി മാറി കാരാഗൃഹവാസത്തിന് വിധിക്കപ്പെട്ടവരുണ്ട്. ജനാധിപത്യപ്രക്രിയയിൽ രാജ്യത്തിന് അതീവ സുരക്ഷയൊരുക്കാൻ ഞങ്ങളുടെ സർക്കാറിനേ സാധിക്കൂവെന്ന് വോട്ടർമാരെ ബോധ്യപ്പെടുത്താനുള്ള ഒരു നാടകത്തിന്റെ ഇരകളായവരും ഉണ്ടായിരിക്കാം. ഭീകരവാദികൾക്ക് ഓശാന പാടുന്ന ഉദ്യോഗസ്ഥവൃന്ദത്തിന്റ അഡ്ജസ്റ്റ്മെന്റ് ഡ്രാമയുടെ ഭാഗമായി പിടികൂടപ്പെട്ടവരുണ്ടായിരിക്കാം**

ലേഖനം

# ഉത്തമസ്വഭാവം സത്യവിശ്വാസിയുടെ അടയാളം

ഡോ. ടി. കെ യൂസുഫ്
: 9349798262



നല്ല സ്വഭാവത്തിനും പെരുമാറ്റത്തിനും ഇസ്‌ലാം വളരെ കൂടുതൽ പ്രോത്സാഹനം നൽകുന്നുണ്ട്. ഉത്തമ സ്വഭാവഗുണങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി നിയോഗിതനായ മുഹമ്മദ് നബി (സ്വ) മഹത്തായ സ്വഭാവഗുണത്തിനുടമയായിരുന്നുവെന്ന് ക്വുർആൻ (68:4) വ്യക്തമാക്കുന്നുണ്ട്.

സൽസ്വഭാവം എന്നത് നിർവചനം ആവശ്യമില്ലാത്തവിധം സുവിദിതമാണെങ്കിലും അതിന് അനുബന്ധമായി ഉണ്ടായിരിക്കേണ്ട ചില കാര്യങ്ങൾ പണ്ഡിതർ വ്യാഖ്യാനിച്ചിട്ടുണ്ട്. അവയിൽ പരമപ്രധാനമായത് പരോപകാരമാണ്. ഒരു സൽസ്വഭാവി സദാ സേവനതത്പരനായിരിക്കും. ഞാൻ താങ്കൾക്ക് എന്താണ് ചെയ്യേണ്ടത് എന്ന മനോഭാവമാണ് അവനുണ്ടാകുക. ജനങ്ങളിൽനിന്ന് സേവനം സ്വീകരിക്കുകയല്ല അവർക്ക് സേവനം ചെയ്യുകയായിരിക്കും ഇവരുടെ ലക്ഷ്യം. ഇങ്ങനെ പ്രത്യുപകാരം പ്രതീക്ഷിക്കാതെ പുണ്യം ചെയ്യുന്നവരാണ് സൽസ്വഭാവികൾ.

നമസ്കാരം, നോമ്പ് എന്നിവ ഇസ്‌ലാമിലെ ആരാധനാകർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായവയാണ്. ഇവ അനുഷ്ഠിക്കുന്നതുകൊണ്ട് ലഭ്യമാകുന്നതിനു സമാനമായ പുണ്യം ഒരു വിശ്വാസിക്ക് വേണമെങ്കിൽ തന്റെ സ്വഭാവശുദ്ധിയിലൂടെ നേടാനാകും.

ആഇശ(റ)യിൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "ഒരു വിശ്വാസി തന്റെ നല്ല സ്വഭാവംകൊണ്ട് രാത്രി നമസ്കരിക്കുകയും പകൽ

നോമ്പെടുക്കുകയും ചെയ്യുന്നവന്റെ പദവി കൈവരിക്കും'' (അബൂദാവൂദ്).

സൽസ്വഭാവത്തിന്റെ പാരത്രിക നേട്ടങ്ങളെ കുറിച്ച് പറയുക മാത്രമല്ല; നബി(സ്വ) തന്റെ ജീവിതത്തിൽ അത് പകർത്തി ലോകർക്ക് മാതൃക കാണിക്കുകയും ചെയ്തിട്ടുണ്ട്.

അനസ്ബിൻ മാലിക്(റ) പറഞ്ഞു: "നബി(സ്വ) ജനങ്ങളിൽ ഏറ്റവും നല്ല സ്വഭാവമുള്ള വ്യക്തിയായിരുന്നു'' (മുസ്‌ലിം).

ഇസ്‌ലാമിലെ ഏറ്റവും മഹത്തായ ആരാധനാകർമങ്ങളായ നമസ്‌കാരവും നോമ്പും അനുഷ്ഠിക്കുന്നതിനു സമാനമായ പ്രതിഫലം സൽസ്വഭാവംകൊണ്ട് നേടാനാകുന്നതുപോലെ ചീത്തസ്വഭാവം കൊണ്ട് ആരാധനാകർമങ്ങൾ നിഷ്ഫലമാകുന്ന അവസ്ഥയും സംജാതമാകും.

ഒരു വ്യക്തിക്ക് സ്വർഗം നേടാൻ ഏറ്റവും അനിവാര്യമായി വേണ്ട സ്വഭാവഗുണം ദൈവഭക്തിയാണ് അഥവാ തക്‌വയാണ്. തക്‌വ കഴിഞ്ഞാൽ ഒരാളെ സ്വർഗപ്രവേശനത്തിന് പ്രാപ്തനാക്കുന്ന ഘടകങ്ങളിൽ ഏറ്റവും പ്രധാനം അവന്റെ സ്വഭാവഗുണങ്ങളാണെന്നും പ്രവാചകൻ(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

നബി(സ്വ)യോട് ചോദിക്കപ്പെട്ടു: 'ഏറ്റവും അധികം സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നത് എന്താണ്?' അദ്ദേഹം പറഞ്ഞു: 'ഭയഭക്തി, സൽസ്വഭാവം.' 'അധികമായി നരകത്തിൽ പ്രവേശിപ്പിക്കുന്നത് എന്താണ്?' അദ്ദേഹം പറഞ്ഞു: 'പൊള്ളയായ രണ്ടെണ്ണം -വായ, ഗുഹ്യസ്ഥാനം' (ഇബ്‌നുമാജ).

ഒരു വിശ്വാസിയുടെ തുലാസിൽ ഏറ്റവും കനം തൂങ്ങുന്നത് സൽസ്വഭാവമാണെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. ഒരിക്കൽ പ്രവാചകനോട് പുണ്യത്തെക്കുറിച്ചും പാപത്തെക്കുറിച്ചും ചോദിക്കപ്പെടുകയുണ്ടായി. അവിടുന്ന് പറഞ്ഞു: "പുണ്യം എന്നത് സൽസ്വഭാവമാണ്. പാപം എന്നത് നിന്റെ മനസ്സിൽ ചൊറിച്ചിലുണ്ടാക്കുന്നതാണ്.''

ആരാധനാകർമങ്ങളിൽ കണിശതയും കൃത്യതയും പാലിക്കുന്ന ചില വിശ്വാസികൾ സ്വഭാവരംഗത്ത് സൂക്ഷ്മത പുലർത്താറില്ല എന്നത് ഒരു വിരോധാഭാസമാണ്.

**ഇസ്‌ലാമിലെ ഏറ്റവും മഹത്തായ ആരാധനാകർമങ്ങളായ നമസ്‌കാരവും നോമ്പും അനുഷ്ഠിക്കുന്നതിനു സമാനമായ പ്രതിഫലം സൽസ്വഭാവംകൊണ്ട് നേടാനാകുന്നതുപോലെ ചീത്തസ്വഭാവം കൊണ്ട് ആരാധനാകർമങ്ങൾ നിഷ്ഫലമാകുന്ന അവസ്ഥയും സംജാതമാകും.**
**ഒരു വ്യക്തിക്ക് സ്വർഗം നേടാൻ ഏറ്റവും അനിവാര്യമായി വേണ്ട സ്വഭാവഗുണം ദൈവഭക്തിയാണ് അഥവാ തക്‌വയാണ്. തക്‌വ കഴിഞ്ഞാൽ ഒരാളെ സ്വർഗപ്രവേശനത്തിന് പ്രാപ്തനാക്കുന്ന ഘടകങ്ങളിൽ ഏറ്റവും പ്രധാനം അവന്റെ സ്വഭാവഗുണങ്ങളാണെന്നും പ്രവാചകൻ(സ്വ) പഠിപ്പിച്ചിട്ടുണ്ട്.**





വിശ്വാസം പൂർത്തിയായവൻ ഏറ്റവും നല്ല സ്വഭാത്തിനുടമയാണെന്നാണ് നബി(സ്വ) പഠിപ്പിച്ചിട്ടുള്ളത്.

അന്ത്യദിനത്തിൽ പ്രവാചകനോട് അടുത്തിരിക്കുന്നവരും സൽസ്വഭാവമുള്ളവരായിരിക്കും. നബി(സ്വ) പറഞ്ഞു: "എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരും അന്ത്യദിനത്തിൽ ഇരിപ്പിടത്തിൽ എന്നോട് ഏറ്റവും അടുത്തിരിക്കുന്നവരും നിങ്ങളിൽ ഏറ്റവും നല്ല സ്വഭാവമുള്ളവരാണ്. നിങ്ങളിൽ എനിക്ക് ഏറ്റവും വെറുക്കപ്പെട്ടവരും അന്ത്യദിനത്തിൽ എന്നോട് ഏറ്റവും അകന്നിരിക്കുന്നവരും നിങ്ങളിൽ ചീത്ത സ്വഭാവമുള്ളവരും വായാടികളും മേൽകോയ്മയോടെ സംസാരിക്കുന്നവരും വലിയവായിൽ സംസാരിക്കുന്നവരുമാണ്" (സ്വഹീഹുത്തർഗീബ്).

നമ്മുടെ ആശ്രിതരും അയൽക്കാരുമായ അനവധിയാളുകൾക്ക് നമ്മുടെ സഹായം ആവശ്യമായി വരാറുണ്ട്. ആവശ്യക്കാരിൽനിന്ന് പുറംതിരിയുന്നതും അവരെ കണ്ടില്ലെന്ന് നടിക്കുന്നതും ഒരിക്കലും സൽസ്വഭാവമല്ല.

സാമ്പത്തികമായി സഹായിക്കാൻ എല്ലാവർക്കും കഴിയണമെന്നില്ല. ആധുനിക സമൂഹത്തിൽ പലർക്കും അത് ആവശ്യവുമില്ല. എന്നാൽ ആശ്വാസ വചനങ്ങളുടെ കുളിർമഴ ലഭിക്കാൻ ആഗ്രഹിക്കുന്ന അനേകർ നമുക്കുചുറ്റുമുണ്ട്. അവരോട് മുഖപ്രസന്നതയും സൽസ്വഭാവവും കാണിക്കുന്നതിന് യാതൊരു മുതൽ മുടക്കുമില്ല.

സൽസ്വഭാവത്തിന്റെ അടയാളമായി പണ്ഡിതർ പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഔദാര്യമനഃസ്ഥിതിയാണ്. സാമ്പത്തിക രംഗത്ത് പിശുക്ക് കൂടാതെ മറ്റുള്ളവർക്ക് വേണ്ടി സഹായ സഹകരണങ്ങൾ ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു:


"അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവ് ചെയ്യുക. (പിശുക്കും ഉദാസീനതയും മൂലം) നിങ്ങളുടെ കൈകളെ നിങ്ങൾതന്നെ നാശത്തിൽ തള്ളിക്കളയരുത്. നിങ്ങൾ നല്ലത് പ്രവർത്തിക്കുക. നന്മ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെ ചെയ്യും" (ക്വുർആൻ 2:195).

നമ്മുടെ വാക്കിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും നല്ല മനസ്ഥിതി വെച്ചുപുലർത്തുക

**നമ്മുടെ ആശ്രിതരും അയൽക്കാരുമായ അനവധിയാളുകൾക്ക് നമ്മുടെ സഹായം ആവശ്യമായിവരാറുണ്ട്. ആവശ്യക്കാരിൽനിന്ന് പുറംതിരിയുന്നതും അവരെ കണ്ടില്ലെന്ന് നടിക്കുന്നതും ഒരിക്കലും സൽസ്വഭാവമല്ല. സാമ്പത്തികമായി സഹായിക്കാൻ എല്ലാവർക്കും കഴിയണമെന്നില്ല. ആധുനിക സമൂഹത്തിൽ പലർക്കും അത് ആവശ്യവുമില്ല. എന്നാൽ ആശ്വാസ വചനങ്ങളുടെ കുളിർമഴ ലഭിക്കാൻ ആഗ്രഹിക്കുന്ന അനേകർ നമുക്കുചുറ്റുമുണ്ട്. അവരോട് മുഖപ്രസന്നതയും സൽസ്വഭാവവും കാണിക്കുന്നതിന് യാതൊരു മുതൽ മുടക്കുമില്ല. സൽസ്വഭാവത്തിന്റെ അടയാളമായി പണ്ഡിതർ പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഔദാര്യമനഃസ്ഥിതിയാണ്. സാമ്പത്തിക രംഗത്ത് പിശുക്ക് കൂടാതെ മറ്റുള്ളവർക്ക് വേണ്ടി സഹായ സഹകരണങ്ങൾ ചെയ്യുന്നതാണ്.**

യും ഗുണകാംക്ഷയോടുകൂടി മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുകയും വേണം സർവോപരി മറ്റുള്ളവരിൽനിന്ന് നേരിടേണ്ടി വരുന്ന അനിഷ്ടകരമായ കാര്യങ്ങൾ സഹിക്കുകയും ക്ഷമിക്കുകയും വേണം.

നബി(സ്വ) പറഞ്ഞു: "നീ അല്ലാഹുവിനെ സൂക്ഷിക്കുക; എവിടെയണെങ്കിലും. തിന്മയെ നന്മകൊണ്ട് തുടർത്തുക. എങ്കിൽ തിന്മ നന്മയെ മായ്ച്ചുകളയും. ജനങ്ങളോട് നല്ല സ്വഭാവത്തോടുകൂടി പെരുമാറുക"(അഹ്മദ്, തുർമുദി).



ജനങ്ങൾ എങ്ങനെയാണ് നമ്മോട് പെരുമാറാൻ നമ്മൾ ആഗ്രഹിക്കുന്നത്, അതുപോലെ നാം അവരോടും അനുവർത്തിക്കേണ്ടതുണ്ട്.

സൽസ്വഭാവത്തിലൂടെ അല്ലാഹുവിന്റെയും ജനങ്ങളുടെയും പ്രീതി കരസ്ഥമാക്കൻ കഴിയും. ജനങ്ങൾ അവനോട് ഇണങ്ങുകയും ശത്രുക്കൾ ഇല്ലാതാകുകയും എല്ലാവരും അവന്റെ മിത്രങ്ങളായിത്തീരുകയും ചെയ്യും.

മുഖപ്രസന്നതയോടെ മറ്റുള്ളവരെ കണ്ടുമുട്ടുന്ന ഒരു വ്യക്തി തന്റെ സന്തോഷത്തിന്റെ ഒരു പങ്ക് മറ്റുള്ളവർക്ക് നൽകുകയാണ് ചെയ്യുന്നത്. അത് അവരുടെ ദുഖങ്ങൾ ദൂരീകരിക്കാൻ ഒരളവോളം സഹായകമാകുകയും ചെയ്യും. എന്നാൽ ഗൗരവ, വിഷാദ ഭാവങ്ങളോടെ ജനങ്ങളെ അഭിമുഖീകരിക്കുന്നവർ മറ്റുള്ളവരുടെ മൂഡ് മോശമാക്കുകയാണ് ചെയ്യുന്നത്.

വാഗ്‌വിചാര കർമങ്ങളിലെ സത്യസന്ധത, ക്ഷമ, കൃതജ്ഞത, വിനയം...തുടങ്ങിയവ സൽസ്വഭാത്തിന്റെ സഹജ ഗുണങ്ങളാണ്. അതോടൊപ്പം കളവ്, വഞ്ചന, അസൂയ, വെറുപ്പ്, പക, വിദ്വേഷം, പിശുക്ക്, അഹങ്കാരം, അലസത, ഭീരുത്വം, അത്യാഗ്രഹം എന്നീ ദുർഗുണങ്ങൾ വെടിയുകയും വേണം. എങ്കിൽ ഒരു വിശ്വാസിക്ക് സൽസ്വഭാവത്തിനുടമയായിത്തീർന്ന് പാരത്രികലോകത്ത് അത്യുന്നത അനുഗ്രഹങ്ങൾ ആർജിക്കാൻ കഴിയും. അല്ലാഹു പറഞ്ഞു:

"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവുംനേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു. വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോടുതന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക്‌വേണ്ടി. -പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?-ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചു നിൽക്കാത്തവരുമാകുന്നു അവർ" (ക്വുർആൻ 3:133-135).

**മുഖപ്രസന്നതയോടെ മറ്റുള്ളവരെ കണ്ടുമുട്ടുന്ന ഒരു വ്യക്തി തന്റെ സന്തോഷത്തിന്റെ ഒരു പങ്ക് മറ്റുള്ളവർക്ക് നൽകുകയാണ് ചെയ്യുന്നത്. അത് അവരുടെ ദുഖങ്ങൾ ദൂരീകരിക്കാൻ ഒരളവോളം സഹായകമാകുകയും ചെയ്യും. എന്നാൽ ഗൗരവ, വിഷാദ ഭാവങ്ങളോടെ ജനങ്ങളെ അഭിമുഖീകരിക്കുന്നവർ മറ്റുള്ളവരുടെ മൂഡ് മോശമാക്കുകയാണ് ചെയ്യുന്നത്. വാഗ്‌വിചാര കർമങ്ങളിലെ സത്യസന്ധത, ക്ഷമ, കൃതജ്ഞത, വിനയം തുടങ്ങിയവ സൽസ്വഭാത്തിന്റെ സഹജ ഗുണങ്ങളാണ്. അതോടപ്പം കളവ്, വഞ്ചന, അസൂയ, വെറുപ്പ്, പക, വിദ്വേഷം, പിശുക്ക്, അഹങ്കാരം, അലസത, ഭീരുത്വം, അത്യാഗ്രഹം എന്നീ ദുർഗുണങ്ങൾ വെടിയുകയും വേണം. എങ്കിൽ ഒരു വിശ്വാസിക്ക് സൽസ്വഭാവത്തിനുടമയായിത്തീർന്ന് പാരത്രികലോകത്ത് അത്യുന്നത അനുഗ്രഹങ്ങൾ ആർജിക്കാൻ കഴിയും.**



# മുലയൂട്ടുന്ന മാതാക്കളോട്

ഡോ. യാസ്മിൻ എം അബ്ബാസ്

ജനിച്ചുവീഴുന്ന കുഞ്ഞുങ്ങൾക്കായി സ്രഷ്ടാവ് കനിഞ്ഞേകുന്ന മഹത്തായ ഒരു അനുഗ്രഹമാണ് അമ്മിഞ്ഞപ്പാൽ എന്നത്.

ഉമ്മയുടെ ഉദരത്തിൽ വളരുന്ന കുഞ്ഞിന് തന്റെ മാതാവിന്റെ ഹൃദയതാളം താരാട്ടാണ്. ആ ചൂടും ചൂരും കുഞ്ഞിന് ആശ്വാസമാണ്. എന്നിരിക്കെ ആ സുരക്ഷിത താവളത്തിൽനിന്നും ഈ ഭൂമിയിലെ കോലാഹലങ്ങളിലേക്ക് അവൻ/അവൾ ജനിച്ചു വീഴുമ്പോൾ ആ ഉമ്മയെന്ന സ്നേഹ സാമീപ്യം അവൻ/അവൾ എറ്റവും നന്നായി ആസ്വദിക്കുന്നത് തന്റെ അമ്മയുടെ മാറോടു ചേർന്ന് ആ അമൃത് നുകരുമ്പോളാണ്.

കേവലം കുഞ്ഞിന്റെ വിശപ്പകറ്റൂക എന്നതിലുപരി മുലയൂട്ടൽ എന്നതിന് ഒരുപാട് അർഥതലങ്ങളുണ്ട്. മുലയൂട്ടുന്നത് അമ്മയുടെയും കുഞ്ഞിന്റെയും മാനസികമായ അടുപ്പത്തിനും കുഞ്ഞിന്റെ വളർച്ചയ്ക്കും രോഗപ്രതിരോധ ശേഷിക്കും അത്യാവശ്യമാണെന്ന് നമുക്കറിയാം. എങ്കിലും ജോലിത്തിരക്ക്, ഫോർമുല മിൽക്കുകളുടെ ലഭ്യത തുടങ്ങിയ പല കാരണങ്ങൾകൊണ്ടും മുലയൂട്ടുന്നതിൽ വേണ്ടത്ര കണിശത പുലർത്താത്തവർ ഇന്ന് ധാരാളമാണ്. പക്ഷേ, ഫോർമുല മിൽക്ക് ഒരിക്കലും മുലപ്പാലിന് പകരമാവില്ലെന്നും മുലപ്പാൽ കുഞ്ഞിന്റെ

ആരോഗ്യത്തിലും ബുദ്ധിശക്തിയിലും കാര്യമായ പങ്കുവഹിക്കുന്നതായും പഠനങ്ങൾ തെളിയിക്കുന്നു.

**മാതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

മുലയൂട്ടുമ്പോൾ മാതാവ് കുഞ്ഞിന്റെ കണ്ണുകളിൽ നോക്കി അവനോട്/അവളോട് സ്നേഹ വാത്സല്യത്തോടെ സംസാരിക്കുകയും ലാളിക്കുകയും ചെയ്യുക. ഇത് കുഞ്ഞിന്റെ പ്രതികരണശേഷിയെ സ്വാധീനിക്കുന്നതായി പഠനങ്ങൾ പറയുന്നു. മാത്രവുമല്ല കൂടുതൽ പാൽ ഉൽപാദനം നടക്കാനും ഇത് സഹായിക്കുന്നു.

**സൗകര്യപ്രദമായ പൊസിഷൻ സ്വീകരിക്കുക**

ഇരുന്നുകൊണ്ടോ കിടന്നുകൊണ്ടോ എറ്റവും സൗകര്യപ്രദമായ ഒരു പൊസിഷനിൽ പാൽ കൊടുക്കാവുന്നതാണ്. ഏത് രീതിയിലാണെങ്കിലും കുഞ്ഞിന്റെ തല മാത്രം അമ്മയുടെ നേർക്ക് തിരിച്ചുപിടിക്കാതെ ശരീരം മുഴുവനായും ചെരിച്ച് പിടിക്കുക. (കുഞ്ഞിന്റെ വയർഭാഗം അമ്മയുടെ ശരീരത്തോട് ചേർന്ന് വരുന്ന രീതിയിൽ).

നിപ്പിളിനു ചുറ്റും കാണുന്ന ഇരുണ്ട ഭാഗം കുഞ്ഞിന്റെ വായിൽ വരത്തക്കവിധം വായ മുഴുവനായും തുറന്നുപിടിച്ചു വേണം പാല് കൊടുക്കാൻ ആരംഭിക്കേണ്ടത്. ഇത് പാൽ വലിച്ചുകുടിക്കാൻ കുഞ്ഞിന് കൂടുതൽ സൗകര്യം നൽകുന്നതാണ്. ഓരോ സമയം പാൽ കുടിപ്പിക്കുമ്പോഴും ഒരു സൈഡിൽ നിന്നും പരമാവധി പാൽ കുടിപ്പിക്കാൻ ശ്രമിക്കുക (15 മുതൽ 20 മിനിറ്റ് വരെ). കാരണം ആദ്യം വരുന്ന പാൽ (foremilk) കുഞ്ഞിന്റെ ദാഹം ശമിപ്പിക്കുന്നതും പുറകെ വരുന്ന അൽപം കട്ടിയുള്ള പാൽ (hind milk) കുഞ്ഞിന് വളർച്ചക്ക് വേണ്ട അത്യാവശ്യം പോഷക ഘടങ്ങൾ അടങ്ങിയതും ആണ്.

ഓരോ തവണ പാൽ കൊടുത്തു കഴിയുമ്പോഴും കുഞ്ഞിനെ വയറ് ഭാഗം മാതാവിന്റെ തോളിൽ പതിഞ്ഞുവരുന്ന രൂപത്തിൽ കിടത്തിയതിന് ശേഷം അമ്മയുടെ കൈപ്പത്തി കപ്പ് രൂപത്തിൽ പിടിച്ചു കുഞ്ഞിന്റെ മുതുകിൽ അൽപം ശക്തിയായി തട്ടിക്കൊടുക്കുക (burping). ഇത് കുഞ്ഞ് പാലിന് ഇടയിലൂടെ വിഴുങ്ങിപ്പോയ ഗ്യാസ് കളയാൻ വേണ്ടിയാണ്. തൻമൂലം തികട്ടി ഛർദിക്കുന്നത് ഒരു പരിധിവരെ തടയാം.

മുലയൂട്ടുന്നതിനിടയിലോ ശേഷമോ കുഞ്ഞ് ഛർദിക്കുകയോ ശ്വാസതടസ്സം ഉണ്ടാവുകയോ ചെയ്താൽ ഉടനെ കുഞ്ഞിനെ ചരിച്ച് കിടത്തുകയും, (മൂക്കിലൂടെ ഛർദ്ദിക്കുന്നുണ്ടെങ്കിൽ കമിഴ്ത്തി പിടിക്കുകയും) മുതുകിൽ തട്ടിക്കൊടുക്കുകയും ചെയ്യുക. സാധാരണയായി ഇത്തരം സാഹചര്യത്തിൽ കുഞ്ഞിനെ എടുത്തു തോളിൽ കിടത്തി മുതുകിൽ തട്ടിക്കൊടുക്കുന്ന പ്രവണത കണ്ടുവരാറുണ്ട്. ഇത് വളരെ തെറ്റായ ഒരു കാര്യമാണെന്ന് ഓർമപ്പെടുത്തുന്നു. ഇത് മൂലം തികട്ടിവന്ന പാൽ ശ്വാസകോശത്തിലേക്ക് കയറാനുള്ള സാധ്യത കൂടുകയാണ്

**ജനിച്ചുവീഴുന്ന കുഞ്ഞുങ്ങൾക്കായി സ്രഷ്ടാവ് കനിഞ്ഞേകുന്ന മഹത്തായ ഒരു അനുഗ്രഹമാണ് അമ്മിഞ്ഞപ്പാൽ എന്നത്. ഉമ്മയുടെ ഉദരത്തിൽ വളരുന്ന കുഞ്ഞിന് തന്റെ മാതാവിന്റെ ഹൃദയതാളം താരാട്ടാണ്. ആ ചൂടും ചൂരും കുഞ്ഞിന് ആശ്വാസമാണ്. എന്നിരിക്കെ ആ സുരക്ഷിത താവളത്തിൽനിന്നും ഈ ഭൂമിയിലെ കോലാഹലങ്ങളിലേക്ക് അവൻ/അവൾ ജനിച്ചു വീഴുമ്പോൾ ആ ഉമ്മയെന്ന സ്നേഹ സാമീപ്യം അവൻ എറ്റവും നന്നായി ആസ്വദിക്കുന്നത് തന്റെ അമ്മയുടെ മാറോടു ചേർന്ന് ആ അമൃത് നുകരുമ്പോളാണ്.**

ചെയ്യുന്നത്.

6 മാസംവരെ മുലപ്പാൽ മാത്രമാണ് കുട്ടികൾക്ക് നൽകേണ്ടത്.
2 വയസ്സുവരെ മറ്റു ആഹാരങ്ങളോടൊപ്പം മുലപ്പാൽ തുടരേണ്ടതുമുണ്ട്.

**മുലയൂട്ടുന്ന അമ്മമാരുടെ ഭക്ഷണക്രമം**

ആദ്യമായി നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം പ്രസവശേഷം പാൽ ഉത്പാദനത്തിനായി ഭക്ഷണം ഒരുപാട് കഴിക്കുക എന്നതിലല്ല കാര്യം, കഴിക്കുന്ന ഭക്ഷണത്തിൽ ആവശ്യത്തിനുള്ള പോഷകങ്ങൾ ഉൾപ്പെടുത്തുക എന്നതാണ്. ആവശ്യത്തിന് വിശ്രമവും സന്തോഷകരമായ ചുറ്റുപാടും പാൽ ഉത്പാദനത്തിൽ വലിയ പങ്കുവഹിക്കുന്നു.

Fluid diet അഥവാ ധാരാളം ജലാംശം അടങ്ങിയ ആഹാരം കഴിക്കുക. വെള്ളം, ജ്യൂസ്, സൂപ്പ്, മോര് പോലുള്ളവ കുടിക്കുക. ഇങ്ങനെ ധാരാളം വെള്ളം കുടിക്കുന്നത് പാൽ ഉത്പാദനത്തിന് അത്യാവശ്യമാണ്

പ്രോട്ടീൻ ധാരാളമായി അടങ്ങിയ ആഹാരം കഴിക്കുക. ഉദാ: പയറുവർഗങ്ങൾ, മുട്ടയുടെ വെള്ള, മഷ്റൂം, മാംസം, ചെറുമീനുകൾ, പാൽ, പാൽ ഉൽപന്നങ്ങൾ, നട്സ് തുടങ്ങിയവ.

കാർബോഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണങ്ങൾ അഥവാ റാഗി, ഓട്സ്, തവിട് ഉള്ള അരി, ഗോതമ്പ് തുടങ്ങിയവ ഉൾപ്പെടുത്താം. വിറ്റാമിനുകളും മിനറലുകളും ലഭിക്കാനായി പഴങ്ങളും പച്ചക്കറികളും ഇലക്കറികളും കഴിക്കുക.

ഇത്തരത്തിൽ ഒരു ബാലൻസ്ഡ് ഡയറ്റ് പിന്തുടരുന്നതും കുഞ്ഞിനെ നന്നായി പാലൂട്ടുന്നതും പ്രസവശേഷം അമ്മ അമിതമായി വണ്ണം വെക്കുന്നത് ഒഴിവാക്കാനും കുഞ്ഞിന് ആവശ്യമായ പോഷകങ്ങൾ ലഭിക്കാനും സഹായിക്കുന്നു. ■




# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്മൻ**

**നിയമങ്ങൾ**

കോടതികളുടെ ചുമതല കേസുകളുടെ വിചാരണ നടത്തി വിധി കൽപിക്കുക എന്നതാണ്. ഇതിലേക്ക് കേസുകളിൽ സംഗതമായിവരുന്ന നിയമങ്ങൾ വ്യാഖ്യാനിക്കേണ്ട ചുമതലയും കോടതികളിൽ നിക്ഷിപ്തമാണ്. നിയമങ്ങളാണെങ്കിൽ ബഹുവിധമുണ്ടുതാനും. അവയിൽ മുഖ്യമായവ ഇവയാണ്:

1. Civil Law (ജനങ്ങളുടെ അവകാശങ്ങളെയും വ്യക്തികൾ തമ്മിലുള്ള ഉടമ്പടികളെയും സംബന്ധിക്കുന്ന നിയമങ്ങൾ).
2. Commercial law or mercantile law or law merchant (ബിസിനസ്സ് സംബന്ധിച്ച നിയമങ്ങൾ).
3. Company law (കമ്പനികൾ ഏതുവിധമാണ് രൂപവത്കരിക്കേണ്ടതെന്നും എപ്രകാരമാണ് പ്രവർത്തിക്കേണ്ടതെന്നും മറ്റും വ്യവസ്ഥ ചെയ്യുന്ന നിയമം.
4. Constitutional law (ഭരണഘടനാനിയമം, രാജ്യത്തിന്റെ ഭരണത്തെ സംബന്ധിക്കുന്ന നിയമം, ഗവണ്മെന്റിനെയും ഗവണ്മെന്റിന്റെ കർത്തവ്യങ്ങളെയും സംബന്ധിക്കുന്ന നിയമം.
5. Copyright law (പകർപ്പവകാശ സംരക്ഷണനിയമം).
6. Criminal law (ക്രിമിനൽ കുറ്റങ്ങൾ സംബന്ധിക്കുന്ന നിയമം. രാജ്യത്തെ നിയമങ്ങൾക്കെതിരായുള്ളതും ശിക്ഷാർഹമായതുമായ പ്രവൃത്തികൾ സംബന്ധിക്കുന്ന നിയമം.
7. Customary law (നാട്ടാചാരനിയമം).
8. Cyber law (സൈബർ നിയമം; വിവരസാങ്കേതികവിദ്യാമേഖലയിലെ കുറ്റകൃത്യങ്ങൾ (cyber crimes) സംബന്ധിക്കുന്ന നിയമം. ഇന്ത്യയിൽ ഈ സ്ഥാനത്തുള്ള നിയമം 2000 ജൂൺ 9ന് നിലവിൽവന്ന ഇന്ത്യൻ വിവരസാങ്കേതികവിദ്യാ നിയമം (Information Technology Act of India) ആണ്).
9. Election law (തിരഞ്ഞെടുപ്പുനിയമം).

10. Family law (കുടുംബങ്ങളെയോ ഒരു കുടുംബത്തിലെ അംഗങ്ങളുടെ അവകാശങ്ങളെയും കർത്തവ്യങ്ങളെയുമോ സംബന്ധിക്കുന്നതായ നിയമങ്ങൾ).
11. General law (രാജ്യത്തെ എല്ലാ ജനങ്ങൾക്കും പൊതുവായി ബാധകമായ സാധാരണനിയമം).
12. Industrial law (വ്യാവസായിക നിയമം).
13. Inheritance law or law of succession (പിന്തുടർച്ചാവകാശനിയമം).
14. International law (രാജ്യാന്തരനിയമം, രാജ്യങ്ങൾ തമ്മിൽ സമാധാനകാലത്തും യുദ്ധകാലത്തും പരസ്പരബന്ധങ്ങളിൽ പാലിക്കേണ്ടതായ ചട്ടങ്ങളുടെയും പൊതുതത്ത്വങ്ങളുടെയും സംഹിത).
15. Labour law (തൊഴിൽനിയമം).
16. Land law (ഭൂനിയമം).
17. Maritime law our law of the sea (കപ്പലുകൾ, തുറമുഖങ്ങൾ മുതലായവയെ സംബന്ധിക്കുന്ന നിയമം).
18. Municipal law (രാജ്യത്തെ സാധാരണ നിയമങ്ങൾ).
19. Parliamentary law (പാർലമെന്റ് പാസ്സാക്കി നടപ്പിലാക്കിയിട്ടുള്ള നിയമം).
20. Personal law (വ്യക്തിനിയമം; ഹിന്ദു നിയമം, മുസ്‌ലിം നിയമം മുതലായവ).
21. Private law (സ്വകാര്യപരമായുള്ള നിയമം; വ്യക്തികൾ തമ്മിലുള്ള പരസ്പര ബന്ധങ്ങളെ സംബന്ധിക്കുന്ന നിയമം (ഉദാ: കരാർനിയമം. സ്വത്തുനിയമം, പിന്തുടർച്ചാവകാശനിയമം മുതലായവ).
22. Proceedural law or adjective law (നിയമപരമായ നടപടികളെയും നടപടിക്രമങ്ങളെയും സംബന്ധിക്കുന്ന നിയമം (ഉദാ: സിവിൽ നടപടി നിയമം, ക്രിമിനൽ നടപടി നിയമം).
23. Propetry law (സ്വത്തുനിയമം, സ്വത്തുക്കളുടെ ഉടമസ്ഥതയെയും വിനിയോഗങ്ങളെയും കൈമാറ്റങ്ങളെയും മറ്റും സംബന്ധിക്കുന്ന നിയമം).
24. Public law (രാജ്യത്തെ പൊതുനിയമം; രാജ്യത്തെ പൗരന്മാരെന്ന നിലയിലും സമൂഹത്തിലെ അംഗങ്ങളെന്ന നിലയിലും ജനങ്ങൾക്കുള്ള അവകാശങ്ങളെയും ബാധ്യതകളെയും സംബന്ധിക്കുന്ന നിയമം (ഉദാ: ക്രിമിനൽ നിയമം, ഭരണഘടനാനിയമം, രാജ്യാന്തരനിയമം മുതലായവ).
25. Retroactive law or Retrospective law (പൂർവകാല പ്രാബല്യത്തോടുകൂടിയ നിയമം).
26. Special law (പ്രത്യേകമായ പരിതസ്ഥിതികളിലും സാഹചര്യങ്ങളിലും മാത്രം ജനങ്ങൾക്ക് ബാധകമാകുന്ന നിയമം).
27. Substantive law (അടിസ്ഥാനപരമായ നിയമതത്ത്വങ്ങൾ പ്രതിപാദിക്കുന്നതായ നിയമം; ജനങ്ങളുടെ അവകാങ്ങളും കർത്തവ്യങ്ങളും സ്വാതന്ത്ര്യങ്ങളും അധികാരങ്ങളും നിർവചിക്കുന്നതായ നിയമം).
28. Law of cotnract (കരാറുകളെ സംബന്ധിക്കുന്ന നിയമം).
29. Law of evidence (തെളിവുനിയമം, കേസുകളിൽ സ്വീകാര്യമായ തെളിവുകളെ സംബന്ധിക്കുന്ന നിയമം).
30. Law of limitation (കാലഹരണനിയമം).
31. Law of torts (ഒരാളുടെ കർത്തവ്യലംഘനം മൂലം മറ്റൊരാൾക്ക് നേരിടുന്നതും സിവിൽ കോടതി മുഖന നഷ്ടപരിഹാരം തേടാവുന്നതുമായ നഷ്ടത്തെയും ദ്രോഹത്തെയും സംബന്ധിക്കുന്ന നിയമം).



**സിവിൽകേസുകൾ**

സിവിൽ കോടതികളാണ് സിവിൽ സ്വഭാവമുള്ള കേസുകൾ അഥവാ വ്യവഹാരങ്ങൾ വിചാരണ ചെയ്ത് തീർപ്പുകൽപിക്കുന്നത്. ഒരു കക്ഷി തന്റെ അവകാശം നടപ്പിലാക്കിക്കിട്ടുന്നതിനോ, തന്നോടു ചെയ്ത തെറ്റിന് നിവർത്തി തേടുന്നതിനോവേണ്ടി എതിർകക്ഷിക്കെതിരെ കൊടുക്കുന്ന കേസാണ് സിവിൽ കേസ്. ഒരു വ്യവഹാരത്തിന് (civil suit or litigation) നാല് അംഗങ്ങളാണുള്ളത്. കക്ഷികൾ (വാദിയും പ്രതിയും - parties to the suit), വ്യവഹാരഹേതു (cause of action), വിവാദവിഷയം (തർക്കവിഷയം-parties), വാദി ആവശ്യപ്പെടുന്ന നിവർത്തികൾ (reliefs) എന്നിവയാണവ. മുൻസിഫ് കോടതി. സബ് കോടതി, ജില്ലാ കോടതി, ഹൈക്കോടതി എന്നിവ സിവിൽ കോടതികളാണ്. ജില്ലാ കോടതി വിധികളിന്മേലുള്ള അപ്പീലുകളെ ഹൈക്കോടതിയും, ഹൈക്കോടതി വിധികളിന്മേലുള്ള അപ്പീലുകളിൽ സുപ്രീം കോടതിയും, ഇരുപക്ഷത്തെയും വാദങ്ങൾ കേട്ട് വിധി കൽപിക്കും.

സിവിൽ കേസുകളിൽ റ്റോർട്ട്സ് (torts) എന്നൊരു വിഭാഗമുണ്ട്. മറ്റൊരാളുടെ തെറ്റോ ഉദാസീനതയോ അശ്രദ്ധയോ മൂലം ഉണ്ടാകുന്ന ദ്രോഹങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി, പരാതിക്കാരൻ അയാൾക്കെതിരെ കൊടുക്കുന്ന കേസാണിത്. ഉദാ: മാനനഷ്ടക്കേസ്, മോട്ടോർ വാഹനാപകട നഷ്ടപരിഹാരക്കേസ് മുതലായവ. കുറ്റക്കാരനെ ക്രിമിനൽ കേസിൽ ശിക്ഷിപ്പിക്കുന്നതിനു പുറമെ, നിയമം പരാതിക്കാരന് അനുവദിച്ചു നൽകുന്നതായ ഒരു പരിഹാരമാർഗം കൂടിയാണിത്.



# സാമൂഹികവിരുദ്ധ വ്യക്തികളും ലഹരിപദാർഥങ്ങളുടെ അടിമത്തവും

8

ഡോ. മുനവ്വർ

സാമൂഹികവിരുദ്ധ വ്യക്തിത്വമുള്ളവരെ നിയന്ത്രിക്കുന്നത് ബുദ്ധിമുട്ടാണെന്ന കാര്യത്തിൽ ആർക്കും തർക്കം ഉണ്ടാകാറില്ല. സാമൂഹികവിരുദ്ധരെ നിയന്ത്രിച്ച് സാധാരണ ജീവിതശൈലിയിലേക്ക് വരാൻ അനുയോജ്യമായ ഒരു ചികിത്സാപദ്ധതി ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. സാമൂഹികവിരുദ്ധരിൽ ക്ഷമാശീലം, പ്രതിബന്ധങ്ങള അഭിമുഖീകരിക്കാനുള്ള കഴിവ്, നിശ്ചയദാർഢ്യം എന്നിവ പൊതുവെ വളരെ കുറവായിട്ടാണ് കാണുന്നത്. ഇവരിൽ അപൂർവം ചിലർ ചികിത്സയ്ക്ക് തയാറാകുമെങ്കിലും ശമനം അതിവേഗം വേണമെന്ന് അവർ ശഠിക്കും. അതായത്, സ്വന്തം രക്ഷയ്ക്കുവേണ്ടിപോലും സഹനശക്തിയോടെ കാര്യങ്ങൾ ചെയ്യാൻ ഇവർ തയ്യാറാകില്ല. നിയമപ്രശ്നങ്ങളിൽ കുടുങ്ങുകയോ ഗുരുതരമായ കുടുംബപ്രശ്നങ്ങൾ ഉണ്ടാകുകയോ ചെയ്താൽ മാത്രമെ ഇവർ ചികിത്സ തേടുകയുള്ളൂ.

സാമൂഹികവിരുദ്ധ വ്യക്തിത്വക്രമരാഹിത്യം പരിഹരിക്കുന്നതിനു നാലുവിധത്തിലുള്ള ചികിത്സാരീതികൾ മനോരോഗചികിത്സകർ നിർദേശിക്കാറുണ്ട്. അവ താഴെ വിവരിക്കുന്നു.

**(1) വ്യക്തിഗത മനോവിശ്ലേഷണം**
(Individual Psychotherapy)

രോഗിയെ സ്വതന്ത്രമായി സംസാരിക്കാൻ അനുവദിച്ചു കാര്യങ്ങൾ ഗ്രഹിക്കുന്ന ഒരു പ്രത്യേക തരം ചികിത്സാരീതിയാണിത്.

രോഗിക്ക് തന്റെ എല്ലാവിധ പ്രശ്നങ്ങളും യാതൊരു തടസ്സവും കൂടാതെ ചികിത്സകനോട് പറയാൻ അവസരം ലഭിക്കുന്നു എന്നതാണ് ഈ രീതിയുടെ സവിശേഷത. ഇത് ഒരുതരം സംഭാഷണ ചികിത്സയാണ്. സംസാരങ്ങളിലൂടെ ചികിത്സകന് രോഗിയുടെ ക്ലേശത്തിനു കാരണമായിട്ടുള്ള അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയും. ഈ പ്രശ്നങ്ങൾ ക്രമേണ പരിഹരിക്കുന്നതിനുള്ള വിദഗ്ധ നിർദേശങ്ങൾ ചികിത്സകൻ നൽകുകയാണ് പതിവ്. ഈ ചികിത്സാസമ്പ്രദായം വിജയിക്കുന്നതിന് രോഗിയുടെ പൂർണമായ സഹകരണം ആവശ്യമാണ്.

### (2) സമൂഹ ചികിത്സ
(Group Therapy)

സാമൂഹികവിരുദ്ധ വ്യക്തിത്വമുള്ളവരെ പ്രത്യേക ചികിത്സാകേന്ദ്രങ്ങളിലോ ആശുപത്രികളിലോ പ്രത്യേക വാർഡുകളിലോ ഒരുമിച്ചു താമസിപ്പിച്ചു ചികിത്സിപ്പിക്കാവുന്ന രീതിയാണിത്. ചില പരിമിതികൾ ഉണ്ടെങ്കിലും സാമൂഹിക വിരുദ്ധരെ ചികിത്സിക്കാൻ ഈ സമ്പ്രദായം ഫലപ്രദമായിട്ടാണ് കണ്ടുവരുന്നത്.


### (3) ഔഷധ ചികിത്സ
(Drug Therapy)

പ്രത്യേക ഔഷധങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാരീതിയാണിത്. ആക്രമണകാരികളായിട്ടുള്ള സാമൂഹികവിരുദ്ധർക്ക് പ്രജ്ഞ മന്ദീഭവിപ്പിക്കുന്നതിനുള്ള ചില മരുന്നുകൾ നൽകി ശാന്തരാക്കുന്ന മാർഗമാണിത്. ഇത്തരം ചികിത്സ വളരെ ഫലപ്രദമായിട്ടാണ് കണ്ടുവരുന്നത്. ഈ മരുന്നുകൾ വളരെ അത്യാവശ്യമെന്നു കണ്ടാൽ മാത്രമെ പ്രയോഗിക്കാറുള്ളൂ.

### (4) വ്യവഹാര ചികിത്സ
(Behaviour Therapy)

അനുഗുണമല്ലാത്ത ശീലങ്ങളെ ദൂരീകരിച്ചു വ്യവഹാരത്തിലും വൈകാരിക പ്രതികരണങ്ങളിലും അനുഗുണമാറ്റങ്ങൾ ഉളവാക്കുന്ന ഒരു ആധുനിക മനശ്ശാസ്ത്ര ചികിത്സാരീതിയാണിത്. ആധുനിക പഠന സിദ്ധാന്തങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. ഈ ചികിത്സാസമ്പ്രദായത്തിൽ പല പ്രത്യേക സാമഗ്രികളും പ്രയോജനപ്പെടുത്തിവരുന്നു. ഇത്തരം മാർഗങ്ങളിലൂടെ നല്ല സ്വഭാവക്കാരായി മാറുന്നവരെ ചികിത്സയ്ക്കു വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹികവിരുദ്ധർക്ക് ഒരു മാതൃകയായി കാട്ടിക്കൊടുക്കുക എന്നത് ഈ രീതിയുടെ സവിശേഷതയാണ്. അതായത്, ചികിത്സകൊണ്ടു നന്നാകുന്നവരെത്തന്നെ ഒരു ചികിത്സകനായി ഉപയോഗപ്പെടുത്താൻ കഴിയുന്നു എന്നതാണ് ഈ രീതിയുടെ പ്രത്യേകത. ഇതുവഴി ഇത്തരക്കാരുടെ തന്നെ ശോചനീയാവസ്ഥയിൽനിന്നുള്ള മോചനവും ഉണ്ടാകും. സാമൂഹികവിരുദ്ധ വ്യക്തിത്വത്തിന്റെ ഉടമകളായ പലരും 40 വയസ്സ് കഴിയുന്നതോടെ ചികിത്സകൾ ഒന്നും കൂടാതെ സ്വാഭാവികമായിത്തന്നെ നല്ലവരായി മാറുന്നതിന്റെ ധാരാളം ദൃഷ്ടാന്തങ്ങൾ ഉണ്ട്.

രോഗിയെ സ്വതന്ത്രമായി സംസാരിക്കാൻ അനുവദിച്ചു കാര്യങ്ങൾ ഗ്രഹിക്കുന്ന ഒരു പ്രത്യേകതരം ചികിത്സാരീതിയാണിത്. രോഗിക്ക് തന്റെ എല്ലാവിധ പ്രശ്നങ്ങളും യാതൊരു തടസ്സവും കൂടാതെ ചികിത്സകനോട് പറയാൻ അവസരം ലഭിക്കുന്നു എന്നതാണ് ഈ രീതിയുടെ സവിശേഷത. ഇത് ഒരുതരം സംഭാഷണ ചികിത്സയാണ്. സംസാരങ്ങളിലൂടെ ചികിത്സകന് രോഗിയുടെ ക്ലേശത്തിനു കാരണമായിട്ടുള്ള അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയും. ഈ പ്രശ്നങ്ങൾ ക്രമേണ പരിഹരിക്കുന്നതിനുള്ള വിദഗ്ധ നിർദേശങ്ങൾ ചികിത്സകൻ നൽകുകയാണ് പതിവ്. ഈ ചികിത്സാസമ്പ്രദായം വിജയിക്കുന്നതിന് രോഗിയുടെ പൂർണമായ സഹകരണം ആവശ്യമാണ്.



### ലഹരി പദാർഥങ്ങളുടെ ഉപയോഗം മൂലമുള്ള അപസാമാന്യതകൾ

കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി ലോകത്തെ മുഴുവനും ഗ്രസിച്ചിട്ടുള്ള ഒരു വിപത്താണ് മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും



**വ്യക്തിയുടെ നാശത്തിനോ സമൂഹത്തിന്റെ നാശത്തിനോ അല്ലെങ്കിൽ രണ്ടിന്റെയും നാശത്തിനോ കാരണമാകുന്ന വിധത്തിൽ ഇടവിട് ഇടവിട്ടുള്ള അല്ലെങ്കിൽ തുടർച്ചയായിട്ടുള്ള ലഹരിയെ അഥവാ മത്തിനെയാണ് ലഹരിപദാർഥ അടിമത്തം എന്നു പറയുന്നത്. ഇതിനു മൂന്നു സ്വഭാവസവിശേഷതകൾ ഉണ്ട്. (!) ലഹരിപദാർഥം തുടർച്ചയായി ഉപയോഗിക്കാനുള്ള പ്രേരണ. (2) ക്രമാനുഗതമായി ഉണ്ടാകുന്ന കുറഞ്ഞ പ്രതികരണം. ഇതു കൂടുതൽ കൂടുതൽ പദാർഥം ഉപയോഗിച്ച് പ്രതികരണത്തോത് വർധിപ്പിക്കാനുള്ള പ്രവണത സൃഷ്ടിക്കും. (3) ലഹരിപദാർഥത്തിലുള്ള ആശ്രിതത്വം.**

അമിതമായ ഉപയോഗം. തുടക്കത്തിൽ വികസിതരാഷ്ട്രങ്ങളെയാണ് ഈ വിപത്ത് ബാധിച്ചിരുന്നത്. ഇന്നു ലോകത്തുള്ള മിക്കവാറും എല്ലാ രാജ്യങ്ങളിലും ഈ വിപത്ത് വ്യാപിച്ചിട്ടുണ്ട്. മയക്കുമരുന്നുകളുടെ അടിമത്തം ഇന്ന് ഒരു ആഗോളപ്രശ്നമാണ്.

**മയക്കുമരുന്ന് അടിമത്തവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ**

*(1) ഔഷധം (Drug)*

ഒരു മരുന്നിൽ അടങ്ങിയിട്ടുള്ള ഏതൊരു ഘടകവസ്തുവിനെയും ഔഷധം എന്നു പറയാവുന്നതാണ്. 'ശരീരത്തിനുള്ളിൽ പ്രവേശിച്ചാൽ ഒന്നോ അതിലധികമോ ശാരീരികഘടകത്തിന്റെ അല്ലെങ്കിൽ മാനസിക ഘടകത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന വസ്തു' എന്ന് മരുന്നിനു നിർവചനം നൽകിയിട്ടുണ്ട്. ഈ നിർവചനപ്രകാരം മിക്കവാറും എല്ലാ വ്യക്തികളും മരുന്ന് ഉപയോഗിക്കുന്നവരാണ്. ചാരായം, സിഗരറ്റ് എന്നിവ ഉപയോഗിക്കുന്നവർ ധാരാളമാണ്. ഉൽക്കണ്ഠ, വേദന എന്നിവയിൽനിന്നുള്ള മോചനത്തിനായി ഗുളികകൾ കഴിക്കുന്നവർ നിരവധിയാണ്. ചായ, കോഫി എന്നിവയിൽപോലും ഔഷധങ്ങൾ അടങ്ങിയിട്ടുണ്ട്. ഇവയ്ക്കൊക്കെ പുറമെയാണ് രോഗനിവാരണത്തിനും നല്ല ആരോഗ്യതിനും വേണ്ടി ചികിത്സകർ നിർദേശിക്കുന്ന മരുന്നുകൾ. ഏറ്റവും കൂടുതലായി ഉപയോഗിക്കപ്പെടുന്ന ലഹരിപദാർഥങ്ങളാണ് കഫിയീൻ (കാപ്പിയിലും തേയിലയിലും അടങ്ങിയിരിക്കുന്ന കയ്പേറിയ പാക്യജനക ജൈവവസ്തു), നിക്കോട്ടിൻ (പുകയിലയിൽ നിന്നെടുക്കുന്ന വിഷമയമായ ഒരു ക്ഷാരകൽപം), ചാരായം എന്നിവ. കഫിയീൻ, നിക്കോട്ടിൻ, ചാരായം എന്നിവ സാധാരണ ഉപയോഗത്തിലുള്ളവയായതിനാൽ ലഹരിപദാർഥ വ്യവഹാര അപസാമാന്യത ഉണ്ടാക്കുകയില്ല എന്നാണ് പലരും വിശ്വസിക്കുന്നത്. എന്നാൽ ഹെറോയിൻ, കൊക്കയിൻ എന്നിവയെപ്പോലെ ഇവയും അപസാമാന്യവ്യവഹാരത്തിനു കാരണമാകാറുണ്ട്.

*(2) സഹനശക്തി (Tolerance)*

ലഹരിപദാർഥത്തിന്റെ (ഔഷധത്തിന്റെ) ഒരു പ്രത്യേക അളവിലുള്ള തുടർച്ചയായ ഉപയോഗംമൂലം ഉണ്ടാകുന്ന കുറഞ്ഞ പ്രതികരണത്തെയാണ് സഹനശക്തി എന്ന പദംകൊണ്ട് ഇവിടെ അർഥമാക്കുന്നത്. ഉദാഹരണത്തിന്, ഒരു വ്യക്തി ആദ്യമായി ഒരു സിഗരറ്റ് വലിക്കുമ്പോഴുണ്ടാകുന്ന പ്രതികരണവും നൂറാമത്തെ സിഗററ്റ് വലിക്കുമ്പോഴുണ്ടാകുന്ന പ്രതികരണവും വ്യത്യസ്തമായിരിക്കും. എല്ലാ ലഹരിപദാർഥങ്ങളെ സംബന്ധിച്ചും ഇതു ശരിയാണ്. ഒരേ അളവിലുള്ള പദാർഥം എല്ലാസമയത്തും ഒരേ രീതിയിലുള്ള പ്രതികരണമല്ല ഉണ്ടാക്കുന്നത് എന്നു ചുരുക്കം.

*(3) പിൻവലിയൽ ലക്ഷണങ്ങൾ (withdrawal symptoms)*

ലഹരിപദാർഥങ്ങളുടെ (മരുന്നുകളുടെ) അടിമത്തവുമായി ബന്ധപ്പെട്ട മറ്റൊരു സങ്കൽപനമാണിത്. ചില ലഹരിപദാർഥങ്ങൾ സ്ഥിരമായി ഉപയോഗിച്ചുകൊണ്ടിരുന്നാൽ രണ്ടുതരത്തിലുള്ള ലക്ഷണങ്ങൾ അനുഭവപ്പെടും; ശാരീരിക ലക്ഷണങ്ങളും മാനസിക ലക്ഷണങ്ങളും. ലഹരിപദാർഥങ്ങളുടെ ആശ്രിതത്വം ശാരീരികമായിട്ടുള്ള വ്യത്യസ്ത അവസ്ഥകൾക്കു കാരണമാകും. ഇതു പ്രസ്തുത ലഹരിപദാർഥത്തിന്റെ തുടർന്നുള്ള ഉപയോഗത്തിനു പ്രേരകമാകും. അത് ഉപയോഗിക്കാതിരുന്നാൽ പലവിധത്തിലുള്ള ശാരീരിക അസ്വസ്ഥതകളും അല്ലെങ്കിൽ ശാരീരിക ലക്ഷണങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങും. ഈ ലക്ഷണങ്ങൾ പിൻവലിയുന്നതിന് അല്ലെങ്കിൽ ഒഴിവാക്കുന്നതിന് വ്യക്തി, ആ പ്രത്യേക ലഹരിപദാർഥം വീണ്ടും ഉപയോഗിക്കും. കടുത്ത വയറുവേദന, കണ്ണിൽനിന്നും മൂക്കിൽനിന്നും വെള്ളം വരിക, വയർ തകരാറിലാകുക തുടങ്ങിയവ ലഹരി പദാർഥങ്ങളുടെ ഉപയോഗം നിർത്തുന്നതുമൂലമുണ്ടാകുന്ന ശാരീരിക ലക്ഷണങ്ങളാണ്. ഇടവിട്ട് ഇടവിട്ടുള്ള ഉപയോഗത്തിനു വേണ്ടിയുള്ള അത്യാർത്തിയാണ് മാനസിക ലക്ഷണം. സുഖത്തിനു വേണ്ടിയോ ശാരീരിക അസ്വാസ്ഥ്യങ്ങൾ ഒഴിവാക്കുകയോ ആകും ഉദ്ദേശ്യം.

*(4) ലഹരിപദാർഥ അടിമത്തം (Drug Addiction)*

വ്യക്തിയുടെ നാശത്തിനോ സമൂഹത്തിന്റെ നാശത്തിനോ അല്ലെങ്കിൽ രണ്ടിന്റെയും നാശത്തിനോ കാരണമാകുന്ന വിധത്തിൽ ഇടവിട്ട് ഇടവിട്ടുള്ള അല്ലെങ്കിൽ തുടർച്ചയായിട്ടുള്ള ലഹരിയെ അഥവാ മത്തിനെയാണ് ലഹരിപദാർഥ അടിമത്തം എന്നു പറയുന്നത്. ഇതിനു മൂന്നു സ്വഭാവസവിശേഷതകൾ ഉണ്ട്. (1) ലഹരിപദാർഥം തുടർച്ചയായി ഉപയോഗിക്കാനുള്ള പ്രേരണ. (2) ക്രമാനുഗതമായി ഉണ്ടാകുന്ന കുറഞ്ഞ പ്രതികരണം. ഇതു കൂടുതൽ കൂടുതൽ പദാർഥം ഉപയോഗിച്ച് പ്രതികരണത്തോത് വർധിപ്പിക്കാനുള്ള പ്രവണത സൃഷ്ടിക്കും. (3) ലഹരി പദാർഥത്തിലുള്ള ആശ്രിതത്വം.

ലഹരിപദാർഥ അടിമത്തത്തെക്കുറിച്ചു നടത്തിയിട്ടുള്ള ചില ഗവേഷണഫലങ്ങൾ ചുരുക്കി താഴെ കൊടുത്തിരിക്കുന്നു:

1. ഒരു വ്യക്തി ഏതെങ്കിലും ലഹരിപദാർഥം തുടർച്ചയായി ഉപയോഗിച്ചുകൊണ്ടിരുന്നാൽ അതിന്റെ അഭാവത്തിൽ ആ വ്യക്തിക്ക് സാധാരണരീതിയിൽ പ്രവർത്തിക്കുവാൻ കഴിയുകയില്ല.

2. എല്ലാ ലഹരികളും (മരുന്നുകളും) അടിമത്തം ഉണ്ടാക്കുന്നവയല്ല. മസ്തിഷ്കത്തിന്റെ പ്രവർത്തനശേഷി കുറയ്ക്കുന്ന ലഹരിപദാർഥങ്ങൾ മാത്രമെ അടിമത്തം സൃഷ്ടിക്കുകയുള്ളൂ.

3. അടിമത്തം സൃഷ്ടിക്കുന്ന ലഹരിപദാർഥങ്ങൾ അവയുടെ ഉപയോഗം മൂലമുണ്ടാകുന്ന പ്രതികരണശേഷി ക്രമാനുഗതമായി കുറയ്ക്കുന്നവയാണ്.

4. സാധാരണ ഉപയോഗിക്കുന്നതിൽനിന്നും കുറഞ്ഞ അളവിൽ ലഹരിപദാർഥം ഉപയോഗിച്ചാൽ പിൻവലിയുന്ന ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടും. പിൻവലിയുന്ന ലക്ഷണങ്ങൾ ഉപയോഗിക്കുന്ന ലഹരിപദാർഥത്തിന്റെ അളവിനെയും ഉപയോഗത്തിനിടയ്ക്കുള്ള സമയദൈർഘ്യത്തെയും ആശ്രയിച്ചാണിരിക്കുന്നത്.

**മനശ്ശാസ്ത്രപരമായ ലഹരിപദാർഥ ആശ്രിതത്വം**

ഏതെങ്കിലും ഒരു ലഹരിപദാർഥത്തെ ഒരു വ്യക്തി അത്യാവശ്യമാണെന്നു കരുതുകയും തന്റെ പ്രവർത്തനം പൂർണമായും അതിന്റെ സ്വായത്തമാക്കലിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യുകയാണെങ്കിൽ അതിനെ മനശ്ശാസ്ത്രപരമായ ലഹരി ആശ്രിതത്വം എന്നു പറയാവുന്നതാണ്. ഈ ലഹരിപദാർഥം അടിമത്തം ഉണ്ടാക്കുന്നതോ അല്ലാത്തതോ ആകാം; സന്തോഷത്തിനു വേണ്ടിയോ അല്ലെങ്കിൽ അസ്വസ്ഥത ഒഴിവാക്കുന്നതിനു വേണ്ടിയോ വ്യക്തി തുടർച്ചയായി ഉപയോഗിച്ചുകൊണ്ടിരിക്കും. ലോകാരോഗ്യ സംഘടന (WHO) എല്ലാത്തരം ലഹരിപദാർഥങ്ങളുടെ ദുർവിനിയോഗത്തെയും ലഹരി ആശ്രിതത്വത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യക്തിപരമായ സന്തോഷത്തിനു വേണ്ടിയുള്ള ലഹരിപദാർഥങ്ങളുടെ അമിത ഉപയോഗത്തെയാണ് ലഹരി ദുർവിനിയോഗം എന്നുപറയുന്നത്. ഇതു വല്ലപ്പോഴുമോ അല്ലെങ്കിൽ തുടർച്ചയായോ ഉണ്ടാകാവുന്നതാണ്.

**ലഹരിപദാർഥങ്ങളുടെ അടിസ്ഥാനപരമായ കാര്യക്ഷമത**

ശാരീരികമായും മാനസികമായും പലവിധത്തിൽ ലഹരിപദാർഥങ്ങൾ മനുഷ്യനെ സ്വാധീനിക്കും. മസ്തിഷ്കത്തിന്റെ സാമാന്യ പ്രവർത്തനത്തെ ഇതു ബാധിക്കും. സാഡീവ്യൂഹത്തെ മന്ദീഭവിപ്പിച്ച് അതിന്റെ പ്രവർത്തനശേഷി കുറയ്ക്കാൻ ലഹരിപദാർഥങ്ങൾക്കു കഴിയും. അതിനാൽ ലഹരിപദാർഥങ്ങൾക്ക് മനുഷ്യന്റെ വ്യവഹാരത്തിൽ പ്രകടമായ മാറ്റങ്ങൾ ഉളവാക്കാൻ കഴിയും. ലഹരിപദാർഥങ്ങളുടെ അമിത ഉപയോഗത്താൽ വളരെ കടുത്തരീതിയിലുള്ള ശാരീരിക പ്രത്യാഘാതങ്ങളും ഉണ്ടാകാവുന്നതാണ്. ■

**ഒരു വ്യക്തി ഏതെങ്കിലും ലഹരിപദാർഥം തുടർച്ചയായി ഉപയോഗിച്ചുകൊണ്ടിരുന്നാൽ അതിന്റെ അഭാവത്തിൽ ആ വ്യക്തിക്ക് സാധാരണരീതിയിൽ പ്രവർത്തിക്കുവാൻ കഴിയുകയില്ല. എല്ലാ ലഹരികളും (മരുന്നുകളും) അടിമത്തം ഉണ്ടാക്കുന്നവയല്ല. മസ്തിഷ്കത്തിന്റെ പ്രവർത്തനശേഷി കുറയ്ക്കുന്ന ലഹരിപദാർഥങ്ങൾ മാത്രമെ അടിമത്തം സൃഷ്ടിക്കുകയുള്ളൂ. അടിമത്തം സൃഷ്ടിക്കുന്ന ലഹരിപദാർഥങ്ങൾ അവയുടെ ഉപയോഗം മൂലമുണ്ടാകുന്ന പ്രതികരണശേഷി ക്രമാനുഗതമായി കുറയ്ക്കുന്നവയാണ്. സാധാരണ ഉപയോഗിക്കുന്നതിൽനിന്നും കുറഞ്ഞ അളവിൽ ലഹരി പദാർഥം ഉപയോഗിച്ചാൽ പിൻവലിയുന്ന ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടും. പിൻവലിയുന്ന ലക്ഷണങ്ങൾ ഉപയോഗിക്കുന്ന ലഹരിപദാർഥത്തിന്റെ അളവിനെയും ഉപയോഗത്തിനിടയ്ക്കുള്ള സമയദൈർഘ്യത്തെയും ആശ്രയിച്ചാണിരിക്കുന്നത്.**



അബ്ദുർറഹ്മാനബ്ന നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 44

# അദ്ദുഖാൻ

## (പുക)

(മക്കയിൽ അവതരിച്ചത്)

إِنَّ يَوْمَ ٱلْفَصْلِ مِيقَـٰتُهُمْ أَجْمَعِينَ ﴿٤٠﴾

يَوْمَ لَا يُغْنِى مَوْلًى عَن مَّوْلًى شَيْـًٔا وَلَا هُمْ يُنصَرُونَ ﴿٤١﴾

إِلَّا مَن رَّحِمَ ٱللَّهُ ۚ إِنَّهُۥ هُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿٤٢﴾

إِنَّ شَجَرَتَ ٱلزَّقُّومِ ﴿٤٣﴾

طَعَامُ ٱلْأَثِيمِ ﴿٤٤﴾

كَٱلْمُهْلِ يَغْلِى فِى ٱلْبُطُونِ ﴿٤٥﴾

كَغَلْىِ ٱلْحَمِيمِ ﴿٤٦﴾

خُذُوهُ فَٱعْتِلُوهُ إِلَىٰ سَوَآءِ ٱلْجَحِيمِ ﴿٤٧﴾

ثُمَّ صُبُّوا۟ فَوْقَ رَأْسِهِۦ مِنْ عَذَابِ ٱلْحَمِيمِ ﴿٤٨﴾

ذُقْ إِنَّكَ أَنتَ ٱلْعَزِيزُ ٱلْكَرِيمُ ﴿٤٩﴾

40. തീർച്ചയായും ആ നിർണായക തീരുമാനത്തിന്റെ ദിവസമാകുന്നു അവർക്കെല്ലാമുള്ള നിശ്ചിത സമയം.

41. അതെ, ഒരു ബന്ധു മറ്റൊരു ബന്ധുവിന് യാതൊരു പ്രയോജനവും ചെയ്യാത്ത, അവർക്ക് ഒരു സഹായവും ലഭിക്കാത്ത ഒരു ദിവസം.

42. അല്ലാഹു ആരോട് കരുണ കാണിച്ചുവോ അവരൊഴികെ. തീർച്ചയായും അവൻ തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

43. തീർച്ചയായും സഖ്ഖൂം വൃക്ഷമാകുന്നു,

44. (നരകത്തിൽ) പാപിയുടെ ആഹാരം.

45. ഉരുകിയ ലോഹം പോലിരിക്കും (അതിന്റെ കനി). അത് വയറുകളിൽ തിളയ്ക്കും,

46. ചുടുവെള്ളം തിളയ്ക്കുന്നത് പോലെ.

47. നിങ്ങൾ അവനെ പിടിക്കൂ. എന്നിട്ട് നരകത്തിന്റെ മധ്യത്തിലേക്ക് വലിച്ചിഴക്കൂ.

48. അനന്തരം ചുടുവെള്ളം കൊണ്ടുള്ള ശിക്ഷ അവന്റെ തലയ്ക്കുമീതെ നിങ്ങൾ ചൊരിഞ്ഞേക്കൂ (എന്ന് നിർദേശിക്കപ്പെടും).

49. ഇത് ആസ്വദിച്ചോളൂ. തീർച്ചയായും നീ തന്നെയായിരുന്നല്ലോ പ്രതാപിയും മാന്യനും.

إِنَّ هَٰذَا مَا كُنتُم بِهِۦ تَمۡتَرُونَ ٥٠
إِنَّ ٱلۡمُتَّقِينَ فِي مَقَامٍ أَمِينٖ ٥١
فِي جَنَّٰتٖ وَعُيُونٖ ٥٢
يَلۡبَسُونَ مِن سُندُسٖ وَإِسۡتَبۡرَقٖ مُّتَقَٰبِلِينَ ٥٣
كَذَٰلِكَ وَزَوَّجۡنَٰهُم بِحُورٍ عِينٖ ٥٤
يَدۡعُونَ فِيهَا بِكُلِّ فَٰكِهَةٍ ءَامِنِينَ ٥٥
لَا يَذُوقُونَ فِيهَا ٱلۡمَوۡتَ إِلَّا ٱلۡمَوۡتَةَ
ٱلۡأُولَىٰۖ وَوَقَىٰهُمۡ عَذَابَ ٱلۡجَحِيمِ ٥٦
فَضۡلٗا مِّن رَّبِّكَۚ ذَٰلِكَ هُوَ ٱلۡفَوۡزُ ٱلۡعَظِيمُ
٥٧
فَإِنَّمَا يَسَّرۡنَٰهُ بِلِسَانِكَ لَعَلَّهُمۡ يَتَذَكَّرُونَ
٥٨
فَٱرۡتَقِبۡ إِنَّهُم مُّرۡتَقِبُونَ ٥٩

50. നിങ്ങൾ ഏതൊരു കാര്യത്തിൽ സംശയാലുക്കളായിരുന്നുവോ ആ കാര്യമത്രെ ഇത്.
51. സൂക്ഷ്മത പാലിച്ചവർ തീർച്ചയായും നിർഭയമായ വാസസ്ഥലത്താകുന്നു.
52. തോട്ടങ്ങൾക്കും അരുവികൾക്കുമിടയിൽ
53. നേർത്ത പട്ടുതുണിയും കട്ടിയുള്ള പട്ടുതുണിയും അവർ ധരിക്കും. അവർ അന്യോന്യം അഭിമുഖമായിട്ടായിരിക്കും ഇരിക്കുന്നത്.
54. അങ്ങനെയാകുന്നു (അവരുടെ അവസ്ഥ). വിശാലമായ നേത്രങ്ങളുള്ള വെളുത്ത സ്ത്രീകളെ അവർക്ക് ഇണകളായി നൽകുകയും ചെയ്യും.
55. സുരക്ഷിതത്വ ബോധത്തോടുകൂടി എല്ലാവിധ പഴങ്ങളും അവർ അവിടെവച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കും.
56. ആദ്യത്തെ മരണമല്ലാതെ മറ്റൊരു മരണം അവർക്കവിടെ അനുഭവിക്കേണ്ടതില്ല. നരകശിക്ഷയിൽനിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും ചെയ്തിരിക്കുന്നു.
57. നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള ഔദാര്യമത്രെ അത്. അതുതന്നെയാണ് മഹത്തായ ഭാഗ്യം.
58. നിനക്ക് നിന്റെ ഭാഷയിൽ ഇതിനെ (ക്വുർആനിനെ) നാം ലളിതമാക്കിത്തന്നിട്ടുള്ളത് അവർ ആലോചിച്ചു മനസ്സിലാക്കാൻവേണ്ടി മാത്രമാകുന്നു.
59. ആകയാൽ നീ കാത്തിരിക്കുക. അവരും കാത്തിരിക്കുന്നവർ തന്നെയാകുന്നു.

40). (തീർച്ചയായും തീരുമാനത്തിന്റെ ദിവസം) അത് ഉയിർത്തെഴുന്നേൽപ് നാളാണ്. ആദികാലക്കാർക്കും പിൽക്കാലക്കാർക്കുമിടയിൽ അല്ലാഹു തീർപ്പ് കൽപിക്കുന്നു; ഭിന്നിച്ചുനിൽക്കുന്ന എല്ലാവർക്കുമിടയിലും. (നിശ്ചിത സമയം) സൃഷ്ടികൾക്ക്. (അവർക്കെല്ലാമുള്ള) എല്ലാവരെയും അല്ലാഹു ആ ദിവസത്തിൽ ഒരുമിച്ചുകൂട്ടും. അവരെയും അവരുടെ പ്രവർത്തനങ്ങളെയും ഹാജരാക്കും. അതിനവർക്ക് പ്രതിഫലവും ഉണ്ടായിരിക്കും.

41). (അതെ, ഒരു ബന്ധു മറ്റൊരു ബന്ധുവിന് യാതൊരു പ്രയോജനവും ചെയ്യാത്ത ഒരു ദിവസം) ബന്ധു ബന്ധുവിനും കൂട്ടുകാരൻ കൂട്ടുകാരനും. (അവർക്ക് ഒരു സഹായവും ലഭിക്കാത്ത) അല്ലാഹുവിന്റെ ശിക്ഷ തടുക്കുവാനുള്ള സഹായം. കാരണം സൃഷ്ടികളിൽ ഒരാളും ഒരു കാര്യവും ഉടമപ്പെടുത്തുന്നില്ല.

42). (അല്ലാഹു ആരോട് കരുണ കാണിച്ചുവോ അവർക്കൊഴികെ. തീർച്ചയായും അവൻ തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും). അവന് പ്രയോജനവും കരുണയും ലഭിക്കാനുള്ള കാരണങ്ങളുള്ളതിനാൽ കരുണയാൽ ഉന്നതി നേടുകയും ചെയ്യും. ഇഹലോകത്ത് അതിനുവേണ്ടി പരിശ്രമങ്ങൾ അവൻ നടത്തിയിരുന്നു. തുടർന്ന് അല്ലാഹു പറയുന്നു:

43-50). ഉയിർത്തെഴുന്നേൽപിന്റെ നാളിനെക്കുറിച്ച് പറയുമ്പോൾ അല്ലാഹു പറയുന്നത്; അതിലവൻ തന്റെ അടിമകൾക്കിടയിൽ തീർപ്പ് കൽപിക്കുമെന്നാണ്. അവർ രണ്ട് വിഭാഗമായി തിരിയും; സ്വർഗക്കാരും നരകക്കാരും. നരകക്കാർ പാപവും നിഷേധവും പ്രവർത്തിച്ചവരാണ്. തീർച്ചയായും അവരുടെ ഭക്ഷണം (സഖ്ഖൂം വൃക്ഷമാണ്). മരങ്ങളിൽ ഏറ്റവും മോശമായതും മ്ലേച്ഛമായതും. അതിലെ ഭക്ഷണം (ഉരു

കിയ ലോഹം പോലെയിരിക്കും). ചോരയും നീരും കലർന്നത്. വാസനയുള്ളത്. കഠിനമായ കൈപുരുചിയുള്ളത്. (അത് വയറുകളിൽ തിളക്കും) അവരുടെ വയറുകളിൽ. (ചൂടുവെള്ളം തിളക്കുന്നതുപോലെ). ശിക്ഷ അനുഭവിക്കുന്നവനോട് പറയപ്പെടും: (ഇത് ആസ്വദിച്ചുകൊള്ളുക) വേദനയേറിയ ഈ ശിക്ഷ, അപമാനകരമായ ശിക്ഷയും. (നീ തന്നെയായിരുന്നുവല്ലോ പ്രതാപിയും മാന്യനും!) അല്ലാഹുവിന്റെ ശിക്ഷയെ തടയാൻ കഴിയുന്ന പ്രതാപിയാണെന്നല്ലേ നീ വാദിച്ചിരുന്നത്? അല്ലാഹുവിൽനിന്ന് ശിക്ഷ ലഭിക്കാത്ത മാന്യനാണെന്നും. എന്നാൽ നീ നിന്ദ്യനും നികൃഷ്ടനും നിസ്സാരനുമാണെന്ന് ഇന്ന് നിനക്ക് വ്യക്തമായിരിക്കുന്നു. (തീർച്ചയായും ഇത്) ഈ വമ്പിച്ച ശിക്ഷ. (നിങ്ങൾ ഏതൊരുകാര്യത്തിൽ സംശയാലുക്കളായിരുന്നുവോ ആ കാര്യമത്രെ ഇത്). നിങ്ങൾ സംശയിച്ചിരുന്നത് ഇപ്പോൾ നിങ്ങൾക്ക് ദൃഢബോധ്യമുള്ള യാഥാർഥ്യമായിരിക്കുന്നു.

51-53). സൂക്ഷ്മത പാലിക്കുന്നവർക്ക് അല്ലാഹുവിന്റെ പ്രതിഫലമാണിത്. നന്മ പ്രവർത്തി ച്ചും തിന്മ ഉപേക്ഷിച്ചും അവന്റെ കോപത്തെയും ശിക്ഷയെയും സൂക്ഷിച്ചവർ. ശിക്ഷയും കോപവും ഒഴിവാക്കപ്പെട്ടപ്പോൾ അല്ലാഹുവിൽ നിന്നുള്ള മഹത്തായ പ്രതിഫലവും തൃപ്തിയും അവർക്കുറപ്പാക്കുകയും ചെയ്തു. പഴങ്ങളും ധാരാളം മരങ്ങളുടെ തണലുകളിലുമായി അവരത് അനുഭവിക്കും. താഴ്ഭാഗത്തുകൂടി ഒഴുകുന്ന ഉറവകൾ, അതിനെ അവർ പൊട്ടിഒഴുക്കിക്കൊണ്ടിരിക്കും. സുഖാനുഗ്രഹങ്ങളുടെ സ്വർഗത്തിൽ, സ്വർഗത്തിലുള്ളതെല്ലാം സുഖങ്ങളും എല്ലാ നിലക്കുള്ള സന്തോഷങ്ങളുമായിരിക്കും. ഒരുവിധത്തിലുള്ള തകരാറോ ന്യൂനതകളോ അതിനില്ല. പച്ചയും നേരിയ പട്ടുകൊണ്ടുമുള്ളതായിരിക്കും അവരുടെ വസ്ത്രങ്ങൾ. അതായത് അവർ ഇഷ്ടപ്പെടുന്ന നേരിയതും കട്ടിയുള്ളതുമായ പട്ടുവസ്ത്രങ്ങൾ. (അന്യോന്യം അഭിമുഖമായിട്ടായിരിക്കും ഇരിക്കുന്നത്). അവരുടെ ഹൃദയങ്ങളിലും മുഖത്തും പൂർണസന്തോഷവും സമാധാനവും സ്നേഹവും നല്ല ബന്ധവും മനോഹരമായ പെരുമാറ്റങ്ങളും ഉണ്ടായിരിക്കും.

54). (അങ്ങനെയാകുന്നു അവരുടെ അവസ്ഥ) തികഞ്ഞ സന്തോഷവും പൂർണ സുഖങ്ങളും. (സുന്ദരികളായ സ്ത്രീകളെ അവർക്ക് നാം ഇണകളാക്കി നൽകുകയും ചെയ്യും). സൗന്ദര്യം കണ്ട് കണ്ണുകളെ വിസ്മയിപ്പിക്കുന്ന സുന്ദരികളും ഭംഗിയുള്ളവരുമായ സ്ത്രീകൾ, ബുദ്ധി അത്ഭുതപ്പെട്ടുപോകും. അവരുടെ പൂർണതയിൽ ചിന്തകൾ വിസ്മയിക്കും. (വിശാല നേത്രങ്ങളുള്ള) ഭംഗിയുള്ള വലിയ കണ്ണുകൾ.

55). (അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കും) സ്വർഗത്തിൽ. (എല്ലാവിധ പഴങ്ങളും) ഇഹലോകത്തെ പല പേരുകളുള്ള പഴങ്ങളും ഇല്ലാത്തവയും അവയിലുണ്ട്. അവയ്ക്ക് സമാനമായത് ഇവിടെയില്ല. അതിൽ ഏതിനം പഴം അവർ ആവശ്യപ്പെട്ടാലും യാതൊരു ബുദ്ധിമുട്ടും ക്ഷീണവും കൂടാതെ അതവർക്ക് എത്തിച്ചുനൽകും. അത് തീർന്നുപോകുമെന്ന് അവർ ഭയപ്പെടുന്നില്ല. അതുകൊണ്ട് ദോഷങ്ങൾ ഉണ്ടാകുമെന്ന് അവർ പേടിക്കുന്നുമില്ല. ഒരു തകരാറും അതിനില്ല. മരണമോ അവിടെനിന്ന് പുറത്തുപോകേണ്ടിവരുമെന്നോ അവർക്ക് ഭയമില്ല.

56). അതാണ് അല്ലാഹു പറഞ്ഞത്: (ആദ്യത്തെ മരണമല്ലാതെ മറ്റൊരു മരണം അവർക്ക് അനുഭവിക്കേണ്ടിവരില്ല) പൊതുവായി അവിടെ മരണമില്ല. ഉണ്ടെങ്കിൽതന്നെ അത് ഒഴിവാക്കപ്പെട്ടു. ഇഹലോകത്തെ മരണത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല. അതിനാൽ അവർക്ക് ആവശ്യമുള്ളത് എല്ലാം ലഭിക്കും (നരകശിക്ഷയിൽനിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും ചെയ്തിരുക്കുന്നു).

57). (നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള ഔദാര്യമത്രെ അത്). അനുഗ്രഹം ലഭിക്കുന്നതും ശിക്ഷയെ തടുക്കുന്നതും അല്ലാഹു അവർക്ക് ചെയ്തുകൊടുക്കുന്ന ഔദാര്യവും അനുഗ്രഹവുമാണ്. കാരണം, അല്ലാഹുവാണ് അവർക്ക് സൽകർമങ്ങൾക്ക് അവസരം നൽകിയത്. അത് മൂലമാണ് പരലോകനന്മ അവർ നേടിയത്. അവരുടെ പ്രവർത്തനങ്ങൾകൊണ്ട് നേടാൻ കഴിയാത്തതാണ് അവൻ നേടിയത്. (അതുതന്നെയാണ് മഹത്തായ ഭാഗ്യം). അല്ലാഹുവിന്റെ തൃപ്തിയും സ്വർഗവും ശിക്ഷയിൽനിന്നും കോപത്തിൽനിന്നുമുള്ള രക്ഷയും നേടുക എന്നത് മഹത്തായ വിജയം തന്നെ.

58). (ഇതിനെ നാം ലളിതമാക്കിത്തന്നിട്ടുള്ളത്) ക്വുർആനിനെ. (നിന്റെ ഭാഷയിൽ) സർവഭാഷകളിലും ഏറ്റവും വ്യക്തതയുള്ളതും മഹത്ത്വമേറിയതുമായ നിന്റെ ഭാഷയിൽ നാം അതിനെ ലളിതമാക്കി. അതിന്റെ വാക്കുകളും ആശയങ്ങളും അങ്ങനെ ലളിതമായി. (അവർ ആലോചിച്ചു മനസ്സിലാക്കുവാൻ വേണ്ടി മാത്രമാകുന്നു) അവന് പ്രയോജനകരമായത് എന്താണെന്ന് അതിലുണ്ട്. അങ്ങനെ അതവർക്ക് പ്രവർത്തിക്കാനാവും. അവർക്ക് ദ്രോഹകരമായതും അതിലുണ്ട്. അങ്ങനെ അവർക്കത് ഉപേക്ഷിക്കാനാവും.

59). (ആകയാൽ നീ കാത്തിരിക്കുക) നിന്റെ രക്ഷിതാവ് നിനക്ക് വാഗ്ദത്തം ചെയ്ത സഹായവും നന്മയും നീ കാത്തിരിക്കുക. (അവരും കാത്തിരിക്കുന്നവർ തന്നെയാകുന്നു) അവർക്ക് എന്ത് ശിക്ഷയാണ് ലഭിക്കുക? രണ്ടുതരത്തിലുള്ള കാത്തിരിപ്പുകൾ തമ്മിൽ എത്ര വലിയ വ്യത്യാസമുണ്ട്! പ്രവാചകനും അനുയായികളും കാത്തിരിക്കുന്നത് ഇഹലോകത്തിലും പരലോകത്തിലും നന്മയാണ്. അവരിൽനിന്ന് വ്യത്യസ്തമായി അവർ കാത്തിരിക്കുന്നത് ഇരുലോകത്തും വിഷമങ്ങളാണ്.

ലേഖനം



# പുഞ്ചിരിക്കാൻ മടിക്കുന്നവർ!

**ദുൽക്കർഷാൻ അലനല്ലൂർ**
: 9447745299

മുഖം മനസ്സിന്റെ കണ്ണാടിയാണെന്ന് ഒരു പഴമൊഴിയുണ്ട്. മനസ്സിലെ സന്തോഷ, സന്താപ അവസ്ഥകൾ മുഖത്ത് പ്രകടമാകും എന്നർഥം. അതുകൊണ്ട് തന്നെ പരസ്പരം കാണുമ്പോൾ നാം ചോദിക്കാറുണ്ട്; 'എന്തുപറ്റി? ഇന്ന് ഭയങ്കര സന്തോഷത്തിലാണല്ലോ,' 'ഇന്നെന്താ സുഖമില്ലേ? മുഖമാകെ വാടിയിട്ടുണ്ടല്ലോ' എന്നെല്ലാം.

പ്രശ്നങ്ങളും പ്രയാസങ്ങളും ഇല്ലാത്ത മനുഷ്യർ ഉണ്ടായിരിക്കാൻ സാധ്യതയില്ല. നമ്മുടെ മനസ്സിലെ നീറുന്ന പ്രശ്നങ്ങൾ അറിയാനും അവയ്ക്ക് പരിഹാരം നിർദേശിക്കാനും താൽപര്യമുള്ളവർ ഒരുപക്ഷേ ഉണ്ടായിക്കൊള്ളണമെന്നില്ല. എന്നുവെച്ച് മറ്റുള്ളവരുടെ പ്രയാസങ്ങൾ ചോദിച്ചറിയാൻ നാം വൈമനസ്യം കാണിക്കാൻ പാടില്ല. പ്രസന്നമായ മുഖത്തോടെയും പുഞ്ചിരിച്ചും മറ്റുള്ളവരെ അഭിമുഖീകരിക്കാൻ സാധിക്കുക എന്നത് വലിയ കാര്യമാണ്. അത് യാതൊരു ചെലവുമില്ലാത്ത പ്രവർത്തനമാണ്. ഒരു പുണ്യകർമമാണ്. എന്നാലും ബോധപൂർവമോ അല്ലാതെയോ പലരും അതിൽ താൽപര്യം കാണിക്കാറില്ല. 'നന്മകളിൽ ഒന്നിനെയും നിങ്ങൾ നിസ്സാരമായി കാണരുത്; തന്റെ സഹോദരനെ പ്രസന്നവദനനായി കണ്ടുമുട്ടുന്നതുപോലും' എന്ന് കാരുണ്യത്തിന്റെ തിരുദൂതർ (സ്വ) പറഞ്ഞത് നാം ഉൾക്കൊള്ളേണ്ടതുണ്ട്.

ഏറ്റവും നല്ല സ്വഭാവത്തോടെ, പുഞ്ചിരിയോടെ വിഷയങ്ങൾ ചോദിച്ചറിഞ്ഞ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി ഒരു ബിസിനസ് തന്ത്രം കൂടിയാണിന്ന്. സ്വകാര്യസ്ഥാപനങ്ങളിലെ റിസപ്ഷൻ കൗണ്ടറിലും ഹെൽപ് ഡെസ്കിലും എൻക്വയറി കൗണ്ടറിലുമൊക്കെ ഇരിക്കുന്നവർ ഉപഭോക്താക്കളും സന്ദർശകരുമൊക്കെയായി എത്തുന്നവരോട് ഇത്തരത്തിൽ പെരുമാറുന്നതായി നാം കാണാറുണ്ട്. എന്നാൽ സർക്കാർ സ്ഥാപനങ്ങളിൽ പലതിലും മേധാവിത്വ മനഃസ്ഥിതിയോടെയാണ് ഇത്തരം ജോലിചെയ്യുന്നവർ പെരുമാറിക്കാണുന്നത്.

ഒരു സ്ഥാപനത്തിലേക്ക് നാം കയറിച്ചെല്ലുമ്പോൾ പുഞ്ചിരിയോടെ നമ്മെ സ്വീകരിക്കുന്നതും നമ്മൾ പറയുന്നത് സാകൂതം കേൾക്കുന്നതും നമ്മുടെ ആവശ്യം നിറവേറ്റുന്നതിൽ താൽപര്യം കാണിക്കുന്നതും സന്തോഷം പകരുന്ന ഒന്നാണ്. അത്തരം സ്ഥാപനങ്ങളിലേക്ക് ചെല്ലുന്നതുതന്നെ ഒരു പോസിറ്റീവ് എനർജി നൽകുന്നതാണ്. എന്നാൽ നാം കയറിച്ചെല്ലുമ്പോൾ നമ്മെ കണ്ടില്ലെന്ന മട്ടിൽ ഇരിക്കുന്നവരും നാം പറയുന്നത് കേൾക്കാൻ തയ്യാറാകാത്തവരും കേൾക്കുകയാണെങ്കിൽതന്നെ നീരസം കലർന്ന രൂപത്തിൽ അലസമായി കേൾക്കുന്നവരും ആ സ്ഥാപനത്തോടുതന്നെ നമ്മിൽ വല്ലാത്ത വെറുപ്പുണ്ടാക്കും.

“ചിലയാളുകളുടെ പെരുമാറ്റരീതിയെക്കുറിച്ച് ചിന്തിക്കാൻ ഇടവന്നു. വർഷങ്ങളോളം ഒപ്പം കഴിഞ്ഞിട്ടും അവർ ഒരു പുഞ്ചിരി പൊഴിച്ചതായി ഓർക്കുന്നില്ല. ഒരു തമാശ കേട്ടിട്ട് മറ്റുള്ളവരെ പ്രീതിപ്പെടുത്താനെങ്കിലും ചിരിക്കുകയോ തന്നോട് സംസാരിക്കുന്നവരോട് മാന്യമായി ഒന്ന് പ്രതികരിക്കുകയോ ചെയ്തുകണ്ടിട്ടില്ല. അവർ ആ രീതിയിൽ വളർന്നതുകൊണ്ടാവും, അങ്ങനെയല്ലാതെ പെരുമാറാൻ അവർക്ക് സാധ്യമല്ലാത്തതുകൊണ്ടായിരിക്കും എന്നെല്ലാം ഞാൻ വിചാരിച്ചു. പക്ഷേ, പിന്നീട് ചില പ്രത്യേക സന്ദർഭങ്ങളിൽ പണക്കാരും സ്വാധീനശക്തിയുള്ളവരുമായ ആളുകളോട് അവർ നന്നായി ചിരിച്ചും രസിച്ചും പെരുമാറുന്നതു കണ്ടപ്പോൾ, സ്വാർഥതാൽപര്യങ്ങൾക്ക് വേണ്ടി മാത്രമാണ് അവർ അങ്ങനെ ചെയ്യുന്നതെന്ന് മനസ്സിലായി. തന്മൂലം മഹത്തായ പ്രതിഫലം അവർക്ക് ലഭിക്കാതെ പോകുന്നു.

വിശ്വാസി തന്റെ പെരുമാറ്റത്തിലൂടെയും സംസ്കാരത്തിലൂടെയും ദൈവപ്രീതി മാത്രമാണ് ലക്ഷ്യം വെക്കേണ്ടത്. സമ്പത്തിനുവേണ്ടിയോ സ്ഥാനമാനങ്ങൾക്കുവേണ്ടിയോ ആളുകളുടെ പ്രശംസ പിടിച്ചുപറ്റാൻ വേണ്ടിയോ അല്ലാതെ, അല്ലാഹുവിന്റെ പ്രീതി നേടാനും, തന്നെ അവന്റെ സൃഷ്ടികൾക്ക് പ്രിയപ്പെട്ടവനാക്കി മാറ്റുവാനുമായിരിക്കണം. അതെ, സൽസ്വഭാവം പുണ്യപ്രവൃത്തിയായി കണക്കാക്കുന്നവർ പണക്കാരോ പണിക്കാരോ മേധാവിയോ തൂപ്പുകാരനോ എന്നു നോക്കാതെ, എല്ലാവരോടും നന്നായി പെരുമാറാൻ ശ്രമിക്കുന്നവരാണ്” (ഇസ്തംതിഅ് ബിഹയാതിക, ഡോ. മുഹമ്മദ് അൽഅരീഫി).



# പഠനയാത്രകൾ ഉന്മാദയാത്രകളായി മാറുമ്പോൾ

ടി.കെ അശ്റഫ്
: 81118 07199

വടക്കഞ്ചേരിയിൽ ഉണ്ടായ ടൂറിസ്റ്റ് ബസ് അപകടം വിദ്യാലയങ്ങളിൽനിന്ന് പുറപ്പെടുന്ന വിനോദയാത്രകളെ സംബന്ധിച്ച് ഒരു വീണ്ടുവിചാരത്തിന് ബന്ധപ്പെട്ടവരെയെല്ലാം നിർബന്ധിക്കുന്നുണ്ട്. ഈയിടെയായി പഠനയാത്ര എന്നത് സ്ഥലകാലബോധമില്ലാത്ത ഒരു ഉന്മാദയാത്ര എന്നതിലേക്ക് വ്യതിചലിച്ചിട്ടുണ്ടെന്ന യാഥാർഥ്യത്തെ നാം ഇനിയും കാണാതിരുന്നുകൂടാ.

മുൻകാലത്ത്, യാത്ര പ്ലാൻ ചെയ്യുമ്പോൾ യാത്ര പോകുന്ന വഴികളും പ്രധാന പാഠങ്ങൾ പകർന്നു തരുന്ന കാഴ്ചയിൽ ഉൾപ്പെടുത്തിയിരുന്നു. പാഠപുസ്തകവുമായി ചേർത്തായിരുന്നു സന്ദർശിക്കേണ്ട സ്ഥലങ്ങളുടെ ലിസ്റ്റ് ആസൂത്രണം ചെയ്തിരുന്നത്. പഠനവും വിനോദവും കോർത്തിണക്കിയായിരുന്നു യാത്ര. എന്നാൽ ഇന്ന്, പുറം കാഴ്ചകളിലൊന്നും ആർക്കും താൽപര്യമില്ല. ആൺ പെൺ വ്യത്യാസമില്ലാതെ ഫോഗ് മൂടിയ അന്തരീക്ഷത്തിൽ കാതടപ്പിക്കുന്ന സംഗീത അകമ്പടിയോടെ പരസ്പരം വാരിപ്പുണരാനുള്ള കുറുക്കുവഴിയായി പഠനയാത്രകൾ പരിണമിച്ചിരിക്കുന്നു.

പുതിയകാലം എന്ന 'ന്യായം' പറഞ്ഞ് രക്ഷിതാക്കളും അധ്യാപകരും അതിന് മൗനാനുവാദം നൽകുകയും ചെയ്യുന്നു. പല കുട്ടികളും ലഹരിക്കും അവിഹിതബന്ധങ്ങൾക്കുംവരെ തുടക്കം കുറിക്കുന്നത് ഇത്തരം യാത്രകളിലൂടെയാണെന്നത് പരസ്യമായ രഹസ്യമാണ്.

വിനോദയാത്രകൾ പാക്കേജുകളായി മാറിയതോടെ പണസമ്പാദനത്തിനുള്ള മാർഗം മാത്രമായി പരിണമിച്ചിരിക്കുന്നു. പ്രകൃതിയിലെ നേരിട്ടുള്ള കാഴ്ചകൾക്കപ്പുറം കൃത്രിമമായി രൂപപ്പെടുത്തിയ ഫാന്റസി ദൃശ്യങ്ങളിൽ അഭിരമിക്കുന്നതാണ് പുതിയ ട്രെൻഡ്.

വടക്കഞ്ചേരി സംഭവത്തിൽ ബസ്സിലെ ആഡംബര ലൈറ്റുകളും കാതടപ്പിക്കുന്ന സംഗീതവും ബസ് പുറപ്പെട്ടിട്ടും രക്ഷിതാക്കൾക്ക് കേൾക്കാമായിരുന്നു എന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ആഡംബര ടൂറിസ്റ്റ് ബസ്സുകളിലെ നിരോധിത ലേസർ ലൈറ്റുകളും അതിനൊപ്പം ഡിജെക്ക് സമാനമായ സംഗീതവും ഉന്മാദത്തിന്റെ അവസ്ഥയിൽ എത്തിക്കുമെന്ന് പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉന്മാദത്തിനൊപ്പം ഡ്രൈവറും ചേരുമ്പോഴാണ് ബസ്സിന് അമിതവേഗം കൈവരുന്നത് എന്നും ശാസ്ത്രീയ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വടക്കഞ്ചേരി അപകടത്തിലും ഇതുതന്നെയാണോ സംഭവിച്ചത് എന്ന കാര്യം അന്വേഷണ വിധേയമാക്കേണ്ടതുണ്ട്.

ഡ്രൈവർമാരുടെ കാര്യക്ഷമതയും ഉറപ്പ് വരുത്തണം. ഒരു ദിവസത്തിൽ 12 മണിക്കൂറിൽ കൂടുതൽ വണ്ടിയോടിക്കാൻ അനുവദിക്കരുത്. മൂന്ന് മണിക്കൂർ കഴിയുമ്പോൾ ഡ്രൈവർക്ക് വിശ്രമിക്കാൻ സൗകര്യമുണ്ടാവണം. ലഹരി ഉപയോഗം ഇല്ലെന്ന് ഉറപ്പ് വരുത്തണം.

ടൂറിസ്റ്റ് ബസുകളെ ഡാൻസ് ഫ്ളോറുകൾ ആക്കി മാറ്റരുതെന്നും ഇതിനെതിരെ ശക്തമായ നടപടിയെടുക്കണമെന്നും നാലുമാസം മുമ്പ് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രയോഗതലത്തിൽ വരുത്താൻ ഇനിയും വൈകരുത്. വിദ്യാലയങ്ങളിൽനിന്ന് പുറപ്പെടേണ്ടത് പഠനയാത്രകളാകണം; ഉന്മാദയാത്രകൾ ആയിക്കൂടാ. വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തിൽ വ്യക്തമായ മാർഗരേഖകൾ നൽകുകയും അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

ഭാവിയുടെ വാഗ്ദാനങ്ങളായ ഇളം തലമുറ നാശത്തിലേക്ക് കൂപ്പുകുത്തുന്നത് കൈയും കെട്ടി നോക്കിനിന്നാൽ സംഭവിക്കാനിരിക്കുന്നത് വൻദുരന്തമാണ്. 'ന്യൂ ജെൻ' എന്നു പറഞ്ഞാൽ എന്തുനെറികേടും കാണിക്കാൻ അനുവാദമുള്ളവരാണ് എന്ന ധാരണ തിരുത്തിക്കൊടുക്കേണ്ടതുണ്ട്.




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 OCTOBER 15

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

# പുറത്തിറങ്ങി...

60 രൂപയുടെ കൃതി ഇപ്പോൾ പകുതി വിലക്ക്

- അടിസ്ഥാനം കാഴ്ച തന്നെ!
- കണക്കിനെ അവലംബിക്കാമോ?
- എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
- സൗദിയെ അടിസ്ഥാനമാക്കാമോ?

കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478

